Uncorrected/Not for publication
17-09-2025

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ (*31)

## വൈദ്യുതിലൈനിൽനിന്ന് ഷോക്കേറ്റ് ഉണ്ടാകുന്ന മരണങ്ങൾ ഒഴിവാക്കാൻ നടപടി

1 (*31) ശ്രീ. സനീഷ്കുമാർ ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ടി. സിദ്ദിഖ് ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ആര്യാടൻ ഷൗക്കത്ത് ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊട്ടിവീണതും താഴ്ന്നുകിടക്കുന്നതുമായ വൈദ്യുതിലൈനിൽ നിന്ന് ഷോക്കേറ്റ് സംസ്ഥാനത്ത് തുടർച്ചയായി മരണങ്ങൾ സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) വൈദ്യുതിലൈനിൽനിന്ന് ഷോക്കേറ്റ് കൊല്ലം തേവലക്കര സ്കൂളിലെ പതിമൂന്നുകാരനായ വിദ്യാർഥിയടക്കം നൂറോളം പേർ കഴിഞ്ഞ ഒൻപത് വർഷത്തിനിടയിൽ മരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

Uncorrected/Not for publication
17-09-2025

(സി) ഇത്തരം സംഭവങ്ങൾ ഒഴിവാക്കുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ,

(എ) പൊട്ടി വീഴുന്ന വൈദ്യുതിലൈനിൽ നിന്നും ഷോക്കേറ്റുള്ള അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെടുകയും പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതിലൈനിൽ നിന്ന് ഷോക്കേറ്റുള്ള മരണങ്ങൾ തുടർച്ചയായി സംഭവിക്കുന്നില്ല. പൊതുജനങ്ങൾക്കുണ്ടാകുന്ന വൈദ്യുത അപകടങ്ങളിൽ ഭൂരിഭാഗവും ഉപഭോക്താക്കളുടെ പ്രെമിസസിൽ നടക്കുന്നവയും തോട്ടി, ഏണി മുതലായവ വൈദ്യുതി ലൈനിൽ തട്ടി സംഭവിക്കുന്നവയുമാണ്. കണക്കുകൾപ്രകാരം ലൈനുകൾ പൊട്ടിവീണുണ്ടായ അപകടങ്ങൾ മേയ്, ജൂൺ, ജൂലൈ, ഓഗസ്റ്റ് എന്നീ മാസങ്ങളിലാണ് കൂടുതലായി സംഭവിച്ചിരിക്കുന്നത്. കേരളത്തിൽ കനത്ത മഴയും ശക്തമായ കാറ്റും ഉണ്ടാകുന്ന സമയമാണിത്. ലൈനുകളിൽനിന്നും ദൂരെ സ്ഥിതി ചെയ്യുന്ന മരങ്ങൾപോലും പ്രകൃതിക്ഷോഭ സമയത്ത് ലൈനുകളിൽ വന്നുവീണ് ലൈനുകൾ പൊട്ടി വീഴുന്നതിന് കാരണമാകുന്നു.

സർക്കാർ ഏജൻസികളുടെയും പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹായത്തോടെയാണ് മിക്കപ്പോഴും വലിയ വൃക്ഷങ്ങൾ മുറിച്ചുമാറ്റി വൈദ്യുതി പുനഃസ്ഥാപിക്കുന്നത്.

കേരളം ഇടതൂർന്ന സസ്യജാലങ്ങളാൽ സമ്പന്നവും ജനസാന്ദ്രവുമാണ്. ഭൂമി ലഭ്യതക്കുറവുള്ള ഒരു സംസ്ഥാനമായതിനാൽ, റോഡുകൾ, ഇടവഴികൾ, സ്വത്തുക്കൾ, വനങ്ങൾ എന്നിവയിലൂടെ എൽ.ടി. ലൈനുകൾ നിർമ്മിക്കുന്നതും പരിപാലിക്കുന്നതും ശ്രമകരമാണ്. കേരളത്തിലെ ലൈൻ-ലാൻഡ് അനുപാതം രാജ്യത്തെ ഏറ്റവും ഉയർന്ന ഒന്നാണ്. ട്രാൻസ്മിഷൻ/വിതരണ ഓവർഹെഡ് ലൈനുകളുടെ ബാഹുല്യവും സ്ഥലത്തിന്റെ ദൗർലഭ്യവും പലപ്പോഴും കണ്ടക്ടറുകൾ പൊട്ടുന്നതിലൂടെയുണ്ടാകുന്ന വൈദ്യുത അപകടങ്ങൾക്ക് കാരണമാകുന്നു. ഈവർഷം പ്രകൃതിക്ഷോഭംമൂലമുണ്ടായ അപകടങ്ങളെ തുടർന്ന് അടിയന്തര നിർദേശം നൽകിയതിന്റെ ഭാഗമായി 120782 കി.മീ. ലൈൻ പട്രോളിംഗ് നടത്തി. 45200 അപാകതകൾ കണ്ടെത്തുകയും 15511 എണ്ണം

പരിഹരിക്കുകയും ചെയ്തു. ബാക്കിയുള്ളവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

വിദ്യാലയങ്ങൾ, ആശുപത്രികൾ, പൊതുയിടങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ അപകടസ്ഥിതിയുണ്ടോയെന്ന് കണ്ടെത്തുന്നതിനായി സേഫ്റ്റി ഓഫീസർമാർ പരിശോധന നടത്തുകയുണ്ടായി. അപകടങ്ങളെ തുടർന്ന് സമ്പൂർണ്ണമായ പരിശോധന നടത്തുകയും അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

വൈദ്യുതി പ്രതിഷ്ഠാപനങ്ങളുടെ സമീപം, അപകട അവസ്ഥയിലുള്ള മരങ്ങൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് 09-06-25-ൽ ചീഫ് സെക്രട്ടറിക്ക് കെ.എസ്.ഇ.ബി.എൽ. CMD കത്ത് നൽകിയിരുന്നു. തുടർന്ന് ചീഫ് സെക്രട്ടറി 2005-ലെ ദുരന്തനിവാരണ നിയമപ്രകാരം ഉചിതമായ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്കും ജില്ലാ ദുരന്തനിവാരണ അതോറിറ്റികളുടെ അധ്യക്ഷന്മാർക്കും നിർദേശം നൽകിയിട്ടുണ്ട്.

വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള അപകട നിവാരണ സമിതികൾ യോഗം ചേരുകയും മറ്റുവകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുകയും ചെയ്തു. വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ സുരക്ഷാ കമ്മിറ്റികൾ വിളിച്ചുകൂട്ടണമെന്ന് എല്ലാ എം.എൽ.എ.-മാരോടും അഭ്യർഥിച്ചിരുന്നു. ഇതിനെത്തുടർന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ 44 നിയോജകമണ്ഡലങ്ങളിൽ കമ്മിറ്റികൾ കൂടിക്കഴിഞ്ഞു. ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ സൗകര്യാർഥം ബാക്കി കമ്മിറ്റികളും ഉടൻതന്നെ കൂടുന്നതാണ്. LAC/വാർഡുതല കമ്മിറ്റികൾ 930 എണ്ണം കൂടിക്കഴിഞ്ഞു. വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട് 976 സ്കൂളുകളിലെ വിദ്യാർഥികൾക്ക് കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി. എനർജി മാനേജ്മെന്റ് സെന്ററും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും സംയുക്തമായി ചേർന്ന് അധ്യാപകർക്കും വിദ്യാർഥികൾക്കുമായി രണ്ടുഘട്ട പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

വൈദ്യുതലൈനിലെ അപകട സാധ്യതയും അപകടങ്ങളും പൊതുജനങ്ങളെ എളുപ്പത്തിലും വേഗത്തിലും അറിയിക്കാവുന്ന തരത്തിൽ സോഫ്റ്റ്‌വെയർ വികസിപ്പിച്ചുവരുന്നു. ഇത് പൂർത്തീകരിച്ച് കഴിഞ്ഞാൽ പ്രസ്തുത വിവരങ്ങൾ ഉടനടി ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ അറിയിക്കാനും ഉടനടി പരിഹാരം കണ്ടെത്താനും കഴിയും. കൂടാതെ 1912 എന്ന ടോൾ ഫ്രീ നമ്പറിലും വിവരങ്ങൾ അറിയിക്കാവുന്നതാണ്. 9496010101 എന്ന എമർജൻസി നമ്പറിലും വിവരങ്ങൾ അറിയിക്കുന്നുണ്ട്. വാട്ട്സ്ആപ്പ് സന്ദേശമായും ഈ നമ്പറിൽ വിവരം നൽകാവുന്നതാണ്.

അപകട സാധ്യതകൾ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനായി ലൈൻ പട്രോളിംഗ് ചെയ്തുവരികയാണ്. ഇത് വ്യവസ്ഥാപിതമായ രീതിയിൽ നടപ്പിലാക്കുന്നതിനായി കസ്റ്റമർ റിലേഷൻ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ പരിഷ്കരണം ചെയ്തുവരികയാണ്. അത് രണ്ടുമാസത്തിനുള്ളിൽ നടപ്പിൽവരുത്തും.

വൈദ്യുതികമ്പി പൊട്ടിവീഴുമ്പോൾ സ്വമേധയാ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്ന സംവിധാനമാണ് ഫലപ്രദമായിട്ടുള്ളത്. ഇതിനായി 11 കെ.വി

ലൈനുകളിൽ റിലേ സംവിധാനം ഉപയോഗിച്ചും ലോ ടെൻഷൻ വിതരണ ലൈനുകളിൽ ഫ്യൂസ് യൂണിറ്റുകൾ ഉപയോഗിച്ചുമാണ് നിലവിൽ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്.

ലോ ടെൻഷൻ ലൈനുകളിൽ മറ്റുസാങ്കേതികവിദ്യ നിലവിലുണ്ടെങ്കിലും ഉപയോഗിക്കുന്നത് പ്രായോഗികമായി ബുദ്ധിമുട്ടേറിയതാണ്. ലോ ടെൻഷൻ ലൈനുകൾ പൊട്ടി വീഴുമ്പോൾ ചില സന്ദർഭങ്ങളിൽ ഫ്യൂസ് യൂണിറ്റ് പ്രവർത്തിക്കാതിരിക്കുകയും സ്വമേധയാ വൈദ്യുതി ബന്ധം വിച്ഛേദിക്കാതിരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ വൈദ്യുതി കമ്പി പൊട്ടിവീണ വിവരം ലഭിക്കുമ്പോൾതന്നെ ജീവനക്കാർ എത്തി വൈദ്യുതി ബന്ധം വിച്ഛേദിക്കാറുണ്ട്.

സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതോടെ കമ്പി പൊട്ടിവീഴുന്ന സന്ദർഭങ്ങളിൽ വോൾട്ടേജ്, കറന്റ് തുടങ്ങിയവയുടെ വ്യതിയാനം തിരിച്ചറിഞ്ഞ് അപകട സാധ്യത മനസ്സിലാക്കി പ്രവർത്തിക്കാൻ കഴിയും. സ്മാർട്ട് മീറ്ററുകളുടെ ആദ്യഘട്ടം നടപ്പിലാക്കിവരുന്നു. സ്മാർട്ട് മീറ്ററുകൾ

പൂർണ്ണമായും പ്രാബല്യത്തിൽ വരുന്നതോടെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് അപകടങ്ങൾ നിയന്ത്രിക്കാൻ കഴിയും.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനായി ഐ.ഐ.ടി. പാലക്കാട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന ഒരു കമ്മിറ്റി രൂപീകരിച്ച് സമഗ്രപഠനം നടത്തിവരുന്നു.

എൽ.ടി. ലൈനുകളിൽ സ്പേസറുകൾ സ്ഥാപിക്കുന്നതുവഴി ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒരുപരിധിവരെ ഒഴിവാക്കാവുന്നതാണ്. ലൈനുകൾ പൊട്ടിവീണ് ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എൽ.ടി. ലൈനുകളിൽ നാളിതുവരെ 222 ലക്ഷം സ്പേസറുകൾ സ്ഥാപിച്ച് കഴിഞ്ഞു. ലൈനുകളുടെ നിർമ്മാണത്തിന് ഭൂഗർഭ കേബിളുകൾ എ.ബി.സി. കണ്ടക്ടർ, കവേർഡ് കണ്ടക്ടറുകൾ ഉപയോഗിക്കുന്നതുവഴി ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്. ഇവ സ്ഥാപിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത് താരതമ്യേന ചെലവേറിയ

പദ്ധതിയായതുകൊണ്ടും ഭീമമായ ഇത്തരത്തിലുണ്ടാകുന്ന ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടംഘട്ടമായി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നത്. പുതുതായി നിർമ്മിക്കുന്ന എല്ലാ എൽ.ടി. ലൈനുകളും നിലവിലുള്ള എൽ.ടി. ലൈനുകളുടെ റീ-കണ്ടക്ടറിങ് പ്രവൃത്തികളും എ.ബി.സി. കണ്ടക്ടർ, കവേർഡ് കണ്ടക്ടറുകൾ എന്നിവ മാത്രം ഉപയോഗിച്ച് ചെയ്താൽ മതിയെന്ന ഒരു നയപരമായ തീരുമാനം കെ.എസ്.ഇ.ബി.എൽ. എടുത്തിട്ടുണ്ട്. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റുപ്രദേശങ്ങളിലും സ്പേസർ, ഗാർഡിങ് മുതലായവ സ്ഥാപിച്ചു. കഴിഞ്ഞ 9 വർഷങ്ങൾക്കുള്ളിൽ ഏരിയൽ ബഞ്ച്ഡ് കേബിളുകൾ ഉപയോഗിച്ച് 1423 കിലോമീറ്റർ എച്ച്.ടി. ലൈനും കവേർഡ് കണ്ടക്റ്റർ ഉപയോഗിച്ച് 48 കിലോമീറ്റർ എച്ച്.ടി. ലൈനും അണ്ടർ ഗ്രൗണ്ട് കേബിൾ ഉപയോഗിച്ച് 686 കിലോമീറ്റർ എച്ച്.ടി. ലൈനും ഏരിയൽ ബഞ്ച്ഡ് കേബിളുകൾ ഉപയോഗിച്ച് 3167 കിലോമീറ്റർ എൽ.ടി.

ലൈനും കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് 23 കിലോമീറ്റർ എൽ.ടി. ലൈനും പുതുതായി നിർമ്മിച്ചു. 473 കിലോമീറ്റർ എച്ച്.ടി. ലൈനുകൾ ഏരിയൽ ബഞ്ച്ഡ് കേബിളുകൾ ഉപയോഗിച്ചും 310 കിലോമീറ്റർ എച്ച്.ടി. ലൈനുകളും 3030 കിലോമീറ്റർ എൽ.ടി. ലൈനുകളും കവേർഡ് കണ്ടക്ടർ ഉപയോഗിച്ചും മാറ്റിയിട്ടുണ്ട്.

സുരക്ഷാ കാര്യങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ചീഫ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ സേഫ്റ്റി വിങ് പ്രവർത്തിച്ചുവരുന്നു. ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ, ചീഫ് സേഫ്റ്റി ഓഫീസർ, സേഫ്റ്റി ഓഫീസർ തലങ്ങളിൽ പ്രവൃത്തി ഇടങ്ങളിൽ സുരക്ഷാ പരിശോധന നടത്തിവരുന്നു.

ലൈനുകൾക്ക് സമീപമുള്ള മരച്ചില്ലകളും മരങ്ങളും കെ.എസ്.ഇ.ബി.എൽ. തന്നെ മുറിച്ചുമാറ്റുന്നുണ്ട്. ഹൈ ടെൻഷൻ ലൈനുകളിൽ വർഷത്തിൽ മൂന്നുതവണയും ലോ ടെൻഷൻ ലൈനുകളിൽ വർഷത്തിൽ രണ്ടുതവണയും ചെയ്യുന്നുണ്ട്. ഈ പ്രവൃത്തി Annual Maintenance Contract ആയി നൽകുന്നതിനാൽ വർഷം മുഴുവനും ഓവർഹെഡ് ലൈനുകളിൽ വൃക്ഷങ്ങളുടെയും മറ്റുചെടിപ്പടർപ്പുകളുടെയും

സാമിപ്യം കാരണമുള്ള അപകടങ്ങളിൽനിന്നും മുക്തമാക്കി പരിപാലിക്കാൻ പറ്റുന്നു.

(ബി) വൈദ്യുതിലൈനിൽ നിന്നും ഷോക്കേറ്റ് കൊല്ലം തേവലക്കര സ്കൂളിലെ പതിമൂന്നുകാരനായ വിദ്യാർഥി മരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2016 മുതൽ 20-07-2025 വരെയുള്ള കണക്കുകൾപ്രകാരം വൈദ്യുതി കമ്പികൾ പൊട്ടിവീണതുമൂലം 170 അപകട മരണങ്ങളാണുണ്ടായിട്ടുള്ളത്.

(സി) പൊട്ടിവീഴുന്ന വൈദ്യുതിലൈനിൽനിന്നും ഷോക്കേറ്റുള്ള അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെടുകയും പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതിലൈനിൽ നിന്ന് ഷോക്കേറ്റുള്ള മരണങ്ങൾ തുടർച്ചയായി സംഭവിക്കുന്നില്ല. പൊതുജനങ്ങൾക്കുണ്ടാകുന്ന വൈദ്യുത അപകടങ്ങളിൽ ഭൂരിഭാഗവും ഉപഭോക്താക്കളുടെ പ്രെമിസസിൽ നടക്കുന്നവയും തോട്ടി, ഏണി മുതലായവ വൈദ്യുതി ലൈനിൽ തട്ടി സംഭവിക്കുന്നവയുമാണ്. കണക്കുകൾപ്രകാരം ലൈനുകൾ പൊട്ടിവീണുണ്ടായ അപകടങ്ങൾ മേയ്, ജൂൺ, ജൂലൈ, ഓഗസ്റ്റ് എന്നീ മാസങ്ങളിലാണ് കൂടുതലായി സംഭവിച്ചിരിക്കുന്നത്. കേരളത്തിൽ കനത്ത

മഴയും ശക്തമായ കാറ്റും ഉണ്ടാകുന്ന സമയമാണിത്. ലൈനുകളിൽനിന്നും ദൂരെ സ്ഥിതി ചെയ്യുന്ന മരങ്ങൾപോലും പ്രകൃതിക്ഷോഭ സമയത്ത് ലൈനുകളിൽ വന്നുവീണ് ലൈനുകൾ പൊട്ടിവീഴുന്നതിന് കാരണമാകുന്നു. സർക്കാർ ഏജൻസികളുടെയും പൊതുജനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹായത്തോടെയാണ് മിക്കപ്പോഴും വലിയ വൃക്ഷങ്ങൾ മുറിച്ചുമാറ്റി വൈദ്യുതി പുനഃസ്ഥാപിക്കുന്നത്.

കേരളം ഇടതൂർന്ന സസ്യജാലങ്ങളാൽ സമ്പന്നവും ജനസാന്ദ്രവുമാണ്. ഭൂമി ലഭ്യതക്കുറവുള്ള ഒരു സംസ്ഥാനമായതിനാൽ, റോഡുകൾ, ഇടവഴികൾ, സ്വത്തുക്കൾ, വനങ്ങൾ എന്നിവയിലൂടെ എൽ.ടി. ലൈനുകൾ നിർമ്മിക്കുന്നതും പരിപാലിക്കുന്നതും ശ്രമകരമാണ്. കേരളത്തിലെ ലൈൻ-ലാൻഡ് അനുപാതം രാജ്യത്തെ ഏറ്റവും ഉയർന്ന ഒന്നാണ്. ട്രാൻസ്മിഷൻ/ വിതരണ ഓവർഹെഡ് ലൈനുകളുടെ ബാഹുല്യവും സ്ഥലത്തിന്റെ ദൗർലഭ്യവും പലപ്പോഴും കണ്ടക്ടറുകൾ പൊട്ടുന്നതിലൂടെയുണ്ടാകുന്ന വൈദ്യുത അപകടങ്ങൾക്ക് കാരണമാകുന്നു. ഈ വർഷം പ്രകൃതിക്ഷോഭംമൂലമുണ്ടായ അപകടങ്ങളെ തുടർന്ന് അടിയന്തര നിർദേശം നൽകിയതിന്റെ ഭാഗമായി

120782 കി.മീ. ലൈൻ പട്രോളിംഗ് നടത്തി. 45200 അപാകതകൾ കണ്ടെത്തുകയും 15511 എണ്ണം പരിഹരിക്കുകയും ചെയ്തു. ബാക്കിയുള്ളവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

വിദ്യാലയങ്ങൾ, ആശുപത്രികൾ, പൊതുയിടങ്ങൾ തുടങ്ങിയ സ്ഥലങ്ങളിൽ അപകടസ്ഥിതിയുണ്ടോയെന്ന് കണ്ടെത്തുന്നതിനായി സേഫ്റ്റി ഓഫീസർമാർ പരിശോധന നടത്തുകയുണ്ടായി. അപകടങ്ങളെ തുടർന്ന് സമ്പൂർണ്ണമായ പരിശോധന നടത്തുകയും അപാകതകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

വൈദ്യുതി പ്രതിഷ്ഠാപനങ്ങളുടെ സമീപം, അപകടാവസ്ഥയിലുള്ള മരങ്ങൾ നീക്കം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിച്ചുകൊണ്ട് 09-06-25-ൽ ചീഫ് സെക്രട്ടറിക്ക് കെ.എസ്.ഇ.ബി.എൽ. CMD കത്ത് നൽകിയിരുന്നു. തുടർന്ന് ചീഫ് സെക്രട്ടറി 2005-ലെ ദുരന്ത നിവാരണ നിയമപ്രകാരം ഉചിതമായ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർമാർക്കും ജില്ലാ ദുരന്തനിവാരണ അതോറിറ്റികളുടെ അധ്യക്ഷന്മാർക്കും നിർദേശം നൽകിയിട്ടുണ്ട്.

വൈദ്യുത അപകടങ്ങൾ ഒഴിവാക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള അപകട നിവാരണ സമിതികൾ യോഗം ചേരുകയും മറ്റുവകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുകയും ചെയ്തു. വൈദ്യുതി സുരക്ഷയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ സുരക്ഷാ കമ്മിറ്റികൾ വിളിച്ചുകൂട്ടണമെന്ന് എല്ലാ എം.എൽ.എ.-മാരോടും അഭ്യർത്ഥിച്ചിരുന്നു. ഇതിനെത്തുടർന്ന് ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ 44 നിയോജകമണ്ഡലങ്ങളിൽ കമ്മിറ്റികൾ കൂടിക്കഴിഞ്ഞു. ബഹുമാനപ്പെട്ട എം.എൽ.എ.-മാരുടെ സൗകര്യാർത്ഥം ബാക്കി കമ്മിറ്റികളും ഉടൻതന്നെ കൂടുന്നതാണ്. LAC/വാർഡുതല കമ്മിറ്റികൾ 930 എണ്ണം കൂടിക്കഴിഞ്ഞു. വൈദ്യുത സുരക്ഷയുമായി ബന്ധപ്പെട്ട് 976 സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി. എനർജി മാനേജ്മെന്റ് സെന്ററും ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും സംയുക്തമായി ചേർന്ന് അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി രണ്ടുഘട്ട പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

വൈദ്യുതിലൈനിലെ അപകട സാധ്യതയും അപകടങ്ങളും പൊതുജനങ്ങൾക്ക് എളുപ്പത്തിലും വേഗത്തിലും അറിയിക്കാവുന്ന തരത്തിൽ സോഫ്റ്റ്‌വെയർ വികസിപ്പിച്ചുവരുന്നു. ഇത് പൂർത്തീകരിച്ച് കഴിഞ്ഞാൽ പ്രസ്തുത വിവരങ്ങൾ ഉടനടി ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ അറിയിക്കാനും ഉടനടി പരിഹാരം കണ്ടെത്താനും കഴിയും. കൂടാതെ 1912 എന്ന ടോൾ ഫ്രീ നമ്പറിലും വിവരങ്ങൾ അറിയിക്കാവുന്നതാണ്. 9496010101 എന്ന എമർജൻസി നമ്പറിലും വിവരങ്ങൾ അറിയിക്കുന്നുണ്ട്. വാട്ട്സ്ആപ്പ് സന്ദേശമായും ഈ നമ്പറിൽ വിവരം നൽകാവുന്നതാണ്.

അപകട സാധ്യതകൾ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനായി ലൈൻ പട്രോളിംഗ് ചെയ്തുവരികയാണ്. ഇത് വ്യവസ്ഥാപിതമായ രീതിയിൽ നടപ്പിലാക്കുന്നത്തിനായി കസ്റ്റമർ റിലേഷൻ മാനേജ്മെന്റ് സോഫ്റ്റ്‌വെയർ പരിഷ്കരണം ചെയ്തുവരികയാണ്. അത് രണ്ടുമാസത്തിനുള്ളിൽ നടപ്പിൽവരുത്തും.

വൈദ്യുതികമ്പി പൊട്ടിവീഴുമ്പോൾ സ്വമേധയാ വൈദ്യുതി ബന്ധം വിച്ഛേദിക്കുന്ന സംവിധാനമാണ് ഫലപ്രദമായിട്ടുള്ളത്. ഇതിനായി 11 കെ.വി.

ലൈനുകളിൽ റിലേ സംവിധാനം ഉപയോഗിച്ചും ലോ ടെൻഷൻ വിതരണ ലൈനുകളിൽ ഫ്യൂസ് യൂണിറ്റുകൾ ഉപയോഗിച്ചുമാണ് നിലവിൽ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്.

ലോ ടെൻഷൻ ലൈനുകളിൽ മറ്റുസാങ്കേതികവിദ്യ നിലവിൽ ഉണ്ടെങ്കിലും ഉപയോഗിക്കുന്നത് പ്രായോഗികമായി ബുദ്ധിമുട്ടേറിയതാണ്. ലോ ടെൻഷൻ ലൈനുകൾ പൊട്ടിവീഴുമ്പോൾ ചില സന്ദർഭങ്ങളിൽ ഫ്യൂസ് യൂണിറ്റ് പ്രവർത്തിക്കാതിരിക്കുകയും സ്വമേധയാ വൈദ്യുതി ബന്ധം വിച്ഛേദിക്കാതിരിക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം സന്ദർഭങ്ങളിൽ വൈദ്യുതി കമ്പി പൊട്ടിവീണ വിവരം ലഭിക്കുമ്പോൾതന്നെ ജീവനക്കാർ എത്തി വൈദ്യുതി ബന്ധം വിച്ഛേദിക്കാറുണ്ട്.

സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുന്നതോടെ കമ്പി പൊട്ടിവീഴുന്ന സന്ദർഭങ്ങളിൽ വോൾട്ടേജ്, കറന്റ് തുടങ്ങിയവയുടെ വ്യതിയാനം തിരിച്ചറിഞ്ഞ് അപകട സാധ്യത മനസ്സിലാക്കി പ്രവർത്തിക്കാൻ കഴിയും. സ്മാർട്ട് മീറ്ററുകളുടെ ആദ്യഘട്ടം നടപ്പിലാക്കിവരുന്നു. സ്മാർട്ട് മീറ്ററുകൾ

പൂർണ്ണമായും പ്രാബല്യത്തിൽ വരുന്നതോടെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് അപകടങ്ങൾ നിയന്ത്രിക്കാൻ കഴിയും.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനായി ഐ.ഐ.ടി. പാലക്കാട്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന ഒരു കമ്മിറ്റി രൂപീകരിച്ച് സമഗ്രപഠനം നടത്തിവരുന്നു.

എൽ.ടി. ലൈനുകളിൽ സ്പേസറുകൾ സ്ഥാപിക്കുന്നത് വഴി ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്. ലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനായി എൽ.റ്റി. ലൈനുകളിൽ നാളിതുവരെ 222 ലക്ഷം സ്പേസറുകൾ സ്ഥാപിച്ച് കഴിഞ്ഞു. ലൈനുകളുടെ നിർമ്മാണത്തിന് ഭൂഗർഭ കേബിളുകൾ എ.ബി.സി. കണ്ടക്ടർ, കവേർഡ് കണ്ടക്ടറുകൾ ഉപയോഗിക്കുന്നതുവഴി ലൈനുകൾ പൊട്ടി വീണുണ്ടാകുന്ന അപകടങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാവുന്നതാണ്. ഇവ സ്ഥാപിച്ചുകൊണ്ട് വൈദ്യുതി എത്തിക്കുന്നത് താരതമ്യേന ചെലവേറിയ

പദ്ധതിയായതുകൊണ്ടും ഭീമമായ ഇത്തരത്തിലുണ്ടാകുന്ന ചെലവ് വൈദ്യുതി താരിഫിൽ പ്രതിഫലിക്കുന്നതുകൊണ്ടും ഘട്ടംഘട്ടമായി പ്രസ്തുത നവീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനാണ് കെ.എസ്.ഇ.ബി.എൽ. തീരുമാനിച്ചിരിക്കുന്നത്. പുതുതായി നിർമ്മിക്കുന്ന എല്ലാ എൽ.ടി. ലൈനുകളും നിലവിലുള്ള എൽ.ടി. ലൈനുകളുടെ റീ കണ്ടക്റ്ററിങ് പ്രവൃത്തികളും എ.ബി.സി. കണ്ടക്ടർ, കവേർഡ് കണ്ടക്ടറുകൾ എന്നിവ മാത്രം ഉപയോഗിച്ച് ചെയ്താൽ മതിയെന്ന ഒരു നയപരമായ തീരുമാനം കെ.എസ്.ഇ.ബി.എൽ. എടുത്തിട്ടുണ്ട്. കൂടുതൽ സെൻസിറ്റീവ് പ്രദേശങ്ങളായ സ്കൂളുകൾ, ആശുപത്രികൾ, ആരാധനാലയങ്ങൾ തുടങ്ങിയവയുടെ സമീപത്തുള്ള പ്രതിഷ്ഠാപനങ്ങളിലും തുടർന്ന് മറ്റുപ്രദേശങ്ങളിലും സ്പേസർ, ഗാർഡിങ് മുതലായവ സ്ഥാപിച്ചു. കഴിഞ്ഞ 9 വർഷങ്ങൾക്കുള്ളിൽ ഏരിയൽ ബഞ്ച്ഡ് കേബിളുകൾ ഉപയോഗിച്ച് 1423 കിലോമീറ്റർ എച്ച്.ടി. ലൈനും കവേർഡ് കണ്ടക്റ്റർ ഉപയോഗിച്ച് 48 കിലോമീറ്റർ എച്ച്.ടി. ലൈനും അണ്ടർ ഗ്രൗണ്ട് കേബിൾ ഉപയോഗിച്ച് 686 കിലോമീറ്റർ എച്ച്.ടി. ലൈനും ഏരിയൽ ബഞ്ച്ഡ് കേബിളുകൾ ഉപയോഗിച്ച് 3167 കിലോമീറ്റർ എൽ.ടി.

ലൈനും കവേർഡ് കണ്ടക്ടർ ഉപയോഗിച്ച് 23 കിലോമീറ്റർ എൽ.ടി. ലൈനും പുതുതായി നിർമ്മിച്ചു. 473 കിലോമീറ്റർ എച്ച്.ടി. ലൈനുകൾ ഏരിയൽ ബഞ്ച്ഡ് കേബിളുകൾ ഉപയോഗിച്ചും 310 കിലോമീറ്റർ എച്ച്.ടി. ലൈനുകളും 3030 കിലോമീറ്റർ എൽ.ടി. ലൈനുകളും കവേർഡ് കണ്ടക്ടർ ഉപയോഗിച്ചും മാറ്റിയിട്ടുണ്ട്.

സുരക്ഷാ കാര്യങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് ഉറപ്പുവരുത്താൻ ചീഫ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ സേഫ്റ്റി വിങ് പ്രവർത്തിച്ചുവരുന്നു. ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ, ചീഫ് സേഫ്റ്റി ഓഫീസർ, സേഫ്റ്റി ഓഫീസർ തലങ്ങളിൽ പ്രവൃത്തി ഇടങ്ങളിൽ സുരക്ഷാ പരിശോധന നടത്തിവരുന്നു.

ലൈനുകൾക്ക് സമീപമുള്ള മരച്ചില്ലകളും മരങ്ങളും കെ.എസ്.ഇ.ബി.എൽ. തന്നെ മുറിച്ചുമാറ്റുന്നുണ്ട്. ഹൈ ടെൻഷൻ ലൈനുകളിൽ വർഷത്തിൽ മൂന്നുതവണയും ലോ ടെൻഷൻ ലൈനുകളിൽ വർഷത്തിൽ രണ്ടുതവണയും ചെയ്യുന്നുണ്ട്. ഈ പ്രവൃത്തി Annual Maintenance Contract ആയി നൽകുന്നതിനാൽ വർഷം മുഴുവനും ഓവർഹെഡ് ലൈനുകളിൽ വൃക്ഷങ്ങളുടെയും മറ്റ് ചെടിപ്പടർപ്പുകളുടെയും

സാമിപ്യം കാരണമുള്ള അപകടങ്ങളിൽനിന്നും മുക്തമാക്കി പരിപാലിക്കാൻ പറ്റുന്നു.

ഡോ. മാത്യു കുഴൽനാടൻ: സർ, വളരെ ദീർഘമായ ഉത്തരമാണെങ്കിലും ചോദ്യത്തിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടുള്ള മറുപടിയല്ല അങ്ങ് പറഞ്ഞത് എന്നത് വളരെ ദൗർഭാഗ്യകരമാണ്. കാരണം ഒരു തെറ്റും ചെയ്യാത്ത 13 വയസ്സുള്ള ഒരു കുട്ടി സ്കൂൾ പ്രെമിസസിൽ മരിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഈ ചോദ്യം ഉന്നയിച്ചത്. കേരളത്തിലെ എല്ലാ സ്കൂളുകളുടെ അല്ലെങ്കിൽ സ്കൂൾ ബസ് സ്റ്റോപ്പുകളുടെ മുന്നിലുള്ള ലോ ടെൻഷൻ ലൈൻ, ഇൻസുലേറ്റഡ് കണ്ടക്ടർ ആക്കാനെങ്കിലും സർക്കാരിന് സാധിക്കുമോ? That would be a positive step, ഇനിയിപ്പോൾ റീകണക്ട് ചെയ്യുമ്പോൾ അല്ലെങ്കിൽ അടുത്ത കണക്ഷൻ കൊടുക്കുമ്പോൾ ഇൻസുലേറ്റഡ് കണ്ടക്ടർ ആക്കാമെന്ന് പറഞ്ഞാൽ, that is a very evasive reply. Whether you have learned a lessons from what happened? അങ്ങനെയെങ്കിലും കുട്ടികൾക്ക് സുരക്ഷ ഒരുക്കാൻ കഴിയുമോ എന്നതാണ് ചോദ്യം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, സേഫ്റ്റി കമ്മീഷണറുടെ

റിപ്പോർട്ട് ലഭിച്ചാൽ അതിനനുസരിച്ചുള്ള പരിപാടി ആസൂത്രണം ചെയ്യുന്നതാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, അതിന് സേഫ്റ്റി കമ്മീഷണറുടെ റിപ്പോർട്ട് ലഭിക്കുന്നതുവരെ കാത്തിരിക്കേണ്ടതുണ്ടോ? We have already an incident. വളരെ ദയനീയമായ അപകടമുണ്ടായശേഷവും റിപ്പോർട്ട് ലഭിക്കട്ടെ എന്നാണോ പറയുന്നത്; സ്കൂൾ പ്രെമിസസിൽ വൈദ്യുതിലൈനുകൾ പൊട്ടിവീണാൽ വീണ്ടും അടുത്ത കുട്ടി മരിക്കാനിടയാകും. It is already proven. ഇതുകൂടാതെ ഒരു കാര്യംകൂടി പറയാനുള്ളത്, സംസ്ഥാനത്ത് വൈദ്യുത ലൈനുകൾക്ക് താഴെ ധാരാളം അനധികൃത കൺസ്ട്രക്ഷൻസ് നടക്കുന്നുണ്ട്. അത് നീക്കം ചെയ്യാൻ പ്രത്യേകിച്ച് നിയമമൊന്നും ആവശ്യമില്ലല്ലോ; അനധികൃത കൺസ്ട്രക്ഷൻസ് നീക്കം ചെയ്യാത്തതിനാലാണ് വൈദ്യുതി ലൈനുകൾക്ക് താഴെ നിൽക്കുന്ന ആളുകൾ പലപ്പോഴും മരിക്കാനിടയാകുന്നത്. There is no action being taken. Can you look into it?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ആശുപത്രികൾ, സ്കൂളുകൾ എന്നിവയ്ക്കെല്ലാം പ്രത്യേക പരിഗണന നൽകികൊണ്ട് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ രണ്ട് കാര്യങ്ങളും വളരെ ഗൗരവകരമായി പരിശോധിക്കുന്നതാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, എന്റെ നിയോജകമണ്ഡലമായ കുണ്ടറയിലെ ഇളമ്പള്ളൂർ പഞ്ചായത്തിലെ പുനുക്കന്നൂരിൽ 01-06-2025-ന് വീടിന് സമീപം പെട്ടിക്കിടന്ന കെ.എസ്.ഇ.ബി.-യുടെ ഇലക്ട്രിക്കൽ കമ്പിയിൽ ചവിട്ടി ഗോപാലകൃഷ്ണപിള്ള എന്ന നിരപരാധിയായ മനുഷ്യന്റെ ജീവൻ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായി. ടി വ്യക്തി മരണപ്പെട്ട ആ പ്രദേശത്ത് നാലുദിവസം വൈദ്യുതി തടസ്സം നേരിടുന്നുണ്ടായിരുന്നു. ഒടിഞ്ഞുപോയ പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനുള്ള കാലതാമസത്തിന്റെ പേരിലാണ് തടസ്സമുണ്ടായത്. ആ സ്ഥലത്ത് അപകടമാംവിധം വൈദ്യുതികമ്പികൾ താഴ്ന്നുകിടന്നതുകൊണ്ടാണ് അദ്ദേഹത്തിന് അതിൽ ചവിട്ടി ജീവൻ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായത്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെക്കുറിച്ചെല്ലാം അങ്ങ് മറുപടിയിൽ പറയുന്നത് കേട്ടു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസും കെ.എസ്.ഇ.ബി.-യുടെ ആധുനികവൽക്കരണവുമൊക്കെ നടക്കുമ്പോഴാണ് വൈദ്യുതിലൈൻ പൊട്ടി അഞ്ചുദിവസം വരെ ആ പ്രദേശത്ത് വൈദ്യുതി മുടങ്ങിയത്. ആ സമയത്ത് പൊട്ടിക്കിടന്ന വൈദ്യുതി കമ്പിയിൽ ചവിട്ടിയാണ് പാവപ്പെട്ട ഗോപാലകൃഷ്ണപിള്ളയുടെ ജീവൻ നഷ്ടപ്പെടുന്നത്. അഞ്ചുദിവസംവരെ വൈദ്യുതി തടസ്സം നേരിടുന്ന സാഹചര്യത്തെ മറികടക്കാൻ ബോർഡ് എന്താണ് ചെയ്യുന്നത്? ബോർഡിന്റെ അനാസ്ഥമൂലം ജീവൻ നഷ്ടപ്പെട്ട ഇദ്ദേഹത്തിന്റെ കുടുംബത്തിന് നഷ്ടപരിഹാരം/സാമ്പത്തിക സഹായം നൽകുന്നതിനുള്ള ബാധ്യത ബോർഡിനില്ലേ; ഗവൺമെന്റിനില്ലേ; അത് നിർവഹിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, അത് തീർച്ചയായും ചെയ്യും. നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള സമയമാണ് എടുക്കുന്നത്, അത് അടിയന്തരമായി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാം. നിലവിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അതുപോലെ എം.എൽ.എ.-മാരെ

ഉൾപ്പെടുത്തികൊണ്ട് പ്രത്യേക സംവിധാനമുണ്ടാക്കിയിട്ടുണ്ട്. അതിൽ 40 എം.എൽ.എ.-മാർ നിലവിൽ യോഗം ചേർന്ന് അതത് പ്രദേശങ്ങളിലെ തടസ്സങ്ങളും ബുദ്ധിമുട്ടുകളും എന്താണെന്ന് മനസ്സിലാക്കി, അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. അവരുടെ നിർദേശം വളരെ അടിയന്തരമായും നടപ്പിലാക്കും.

ശ്രീ. അൻവർ സാദത്ത്: സർ, നമ്മൾ യോഗങ്ങൾ ചേർന്ന് തീരുമാനം എടുക്കാറുണ്ട്. പക്ഷേ ആ തീരുമാനം യഥാസമയത്ത് നടപ്പിലാക്കാത്തതുകൊണ്ടാണ് കേരളത്തിൽ പല വകുപ്പുകൾക്കും പരാജയമുണ്ടാകുന്നത്. അത് യഥാസമയം നടപ്പിലാക്കണം. വീടുകളുടെ പരിസരത്തുള്ള മരങ്ങൾ വൈദ്യുതിലൈനിൽ തട്ടുന്നതുമൂലം നിരവധി അപ്രതീക്ഷിത മരണങ്ങളുണ്ടാകാറുണ്ട്. പലപ്പോഴും ഇലക്ട്രിസിറ്റി ബോർഡ് ഉദ്യോഗസ്ഥർ അത്തരത്തിലുള്ള മരങ്ങൾ വെട്ടിക്കളയാൻ പറഞ്ഞാലും ചിലർ ഈഗോ കാരണം അല്ലെങ്കിൽ അവരുടെ വരുമാനം നഷ്ടപ്പെടുമെന്നുള്ള കാരണങ്ങൾ പറഞ്ഞ് മരം മുറിക്കാതെ നീട്ടിക്കൊണ്ടുപോകുന്ന സാഹചര്യമുണ്ട്. ഇത്തരം സാഹചര്യങ്ങളിൽ കർശനമായി നിയമം

നടപ്പിലാക്കി ഈ മരങ്ങൾ വെട്ടിമാറ്റുന്നതിനും അപകടമില്ലാത്ത രീതിയിൽ ഊർജ്ജസ്വലമായി മുന്നോട്ടുപോകുന്നതിനും ഇലക്ട്രിസിറ്റി വകുപ്പിന് സാധിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, നേരത്തെ സൂചിപ്പിച്ചപോലെ, ദുരന്തനിവാരണ നിയമപ്രകാരം ഉചിത നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്കും ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ അധ്യക്ഷന്മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ച വിഷയം വളരെ ഗൗരവമായിത്തന്നെ പരിഗണിക്കും.

ശ്രീ. റോജി എം. ജോൺ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി തവണ വൈദ്യുതി ചാർജ് വർധിപ്പിക്കുകയുണ്ടായി. എന്നാൽ പല പ്രദേശങ്ങളിലും വൈദ്യുതി ലൈനുകൾ സാഗിങ് ലൈൻസായി കാണപ്പെടുന്നുണ്ട്, ജനവാസം കൂടുതലുള്ള ഏരിയകളിൽ അപകടാവസ്ഥയിൽനിൽക്കുന്ന ഇത്തരം ലൈനുകൾ മാറ്റുന്ന പ്രവൃത്തി പൂർണ്ണമായും പൂർത്തീകരിക്കാൻ ഇലക്ട്രിസിറ്റി ബോർഡിന് സാധിച്ചിട്ടില്ല. പല മേഖലകളിലും അപകടകരമായി നിൽക്കുന്ന സാഗിങ് ലൈൻസ്

അടിയന്തരമായി മാറ്റുന്നതിനും ജനവാസം കൂടുതലുള്ള ടൗൺ പ്രദേശങ്ങളിൽ അണ്ടർഗ്രൗണ്ട് ലൈനുകൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അക്കാര്യം പരിശോധിക്കാവുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 15 ലക്ഷം പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ട്. 11000 ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട്. 23000 കിലോമീറ്റർ ദൂരം എച്ച്.ടി. ലൈൻ സ്ഥാപിച്ചിട്ടുണ്ട്. 2016 മുതൽ 2025 വരെ 30 ലക്ഷം പുതിയ വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ വലിയ രീതിയിലുള്ള പ്രവർത്തനമാണ് നടത്തുന്നത്. എല്ലാ വൈദ്യുതിലൈനുകളും കവേർഡ് കണ്ടക്ടർ ആക്കി മാറ്റുന്നതിന് ചെലവ് വർധിക്കും, അത് താരിഫിനെ വല്ലാതെ ബാധിക്കും. അതുകൊണ്ടാണ് ഘട്ടം ഘട്ടമായി ചെയ്യാൻ തീരുമാനിച്ചത്.

ശ്രീ. ഡി. കെ. മുരളി: സർ, എന്റെ നിയോജകമണ്ഡലത്തിലെ പനവൂർ പഞ്ചായത്തിൽ ഇക്കഴിഞ്ഞ ജൂലൈ മാസത്തിൽ പൊട്ടിക്കിടന്ന വൈദ്യുതി കമ്പിയിൽ ബൈക്കോടിച്ച് കയറിയതിനെത്തുടർന്ന് സുരേഷ് എന്ന ചെറുപ്പക്കാരൻ മരണപ്പെട്ടു. സന്ദർഭോചിതമായിത്തന്നെ കെ.എസ്.ഇ.ബി.

അക്കാര്യത്തിൽ ആവശ്യമായ സഹായങ്ങൾ എത്തിക്കുകയും ഒരു രാഷ്ട്രീയ മുതലെടുപ്പിനും അവസരം നൽകാതെ അക്കാര്യത്തിൽ ഇടപെടുകയും ചെയ്തതിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഇന്ന് മന്ത്രി മറുപടിയിൽ വിശദീകരിച്ചിരിക്കുന്നതുപോലെ, ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് നമ്മൾ അഭിമുഖീകരിക്കുന്ന ഒട്ടേറെ പ്രതിസന്ധികൾക്ക് പരിഹാരം കാണാൻ കഴിയേണ്ടതുണ്ട്. അതിനുള്ള നടപടിയെടുക്കാൻ ശ്രമിക്കുമെന്ന് അറിയിച്ചതിലും സന്തോഷമുണ്ട്. നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന നഷ്ടപരിഹാരത്തുക വർധിപ്പിച്ച് നൽകാൻ ആലോചിക്കുമോ?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: സർ, ഇപ്പോൾത്തന്നെ ഒരുവിധം നല്ല സംഖ്യ (10 ലക്ഷം രൂപ വരെ) നൽകുന്നുണ്ട്. സാങ്കേതികമായ ചില പ്രശ്നങ്ങൾ കാരണം അത് നൽകാൻ വൈകുന്നുവെന്നേയുള്ളൂ. കഴിയുന്നത്ര വേഗം നൽകാനുള്ള നടപടിയുണ്ടാകും.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, മലപ്പുറം ജില്ലയിലെ വൈദ്യുതി പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമെന്ന നിലയിൽ വിഭാവനം ചെയ്യപ്പെട്ട

മലപ്പുറം പാക്കേജ് പദ്ധതിയിൽ ജില്ലയിലെ വിവിധ സർക്കിളുകൾക്ക് അനുവദിച്ച വർക്കുകളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം കാര്യങ്ങൾ അവലോകനം ചെയ്യുന്നതിന് ജില്ലയിലെ ജനപ്രതിനിധികളുടെ യോഗം വിളിച്ചുകൂട്ടുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, തീർച്ചയായും, കളക്ടറുടെ നേതൃത്വത്തിലും ജനപ്രതിനിധികളുടെ നേതൃത്വത്തിലും യോഗം വിളിക്കാനുള്ള നിർദേശം നൽകിയിട്ടുണ്ട്.

ശ്രീ. മാത്യു ടി. തോമസ്: സർ, കൊല്ലം ജില്ലയിൽ വൈദ്യുതി ലൈനിൽനിന്ന് ഷോക്കേറ്റ് ഒരു കുട്ടി മരിച്ചതിനെത്തുടർന്ന്, എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇലക്ട്രിസിറ്റിയുമായി ബന്ധപ്പെട്ട ഒരു സുരക്ഷാ ഓഡിറ്റ് നടത്തുവാൻവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ഉത്തരവിട്ടതായി വാർത്തകളിൽ കാണുകയുണ്ടായി. കേരളത്തിലെ എല്ലാ സ്കൂളുകളിലും ഇലക്ട്രിസിറ്റി ബോർഡ് നടത്തുന്ന സുരക്ഷാ ഓഡിറ്റിന്റെ നടപടിക്രമം

പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ; അത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, രണ്ടുമാസത്തിനുള്ളിൽ പൂർത്തിയാക്കാനാണ് തീരുമാനം.

ശ്രീ. പി. മമ്മിക്കുട്ടി: സർ, വൈദ്യുതിലൈനുകൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി കമ്പികൾ മാറ്റി പകരം കേബിൾ സംവിധാനം പൂർണ്ണതോതിൽ ഏർപ്പെടുത്താൻ കഴിയുമോ; അതുപോലെ മരണപ്പെട്ട വ്യക്തികളുടെ ആശ്രിതർക്ക് നഷ്ടപരിഹാരം എത്രയും വേഗം കൊടുത്തുതീർക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, മറുപടി നേരത്തെ സൂചിപ്പിച്ചതാണ്. കേബിളുകൾ സ്ഥാപിക്കാൻ ചെലവ് വളരെ കൂടുതലായിരിക്കും, അത് താരിഫിനെ ബാധിക്കുമെന്നുള്ളതിനാൽ ഘട്ടം ഘട്ടമായാണ് അതിന്റെ പ്രവൃത്തികൾ ചെയ്യുന്നത്. നഷ്ടപരിഹാരം വേഗത്തിൽ കൊടുക്കുന്നതുസംബന്ധിച്ച് ചില സാങ്കേതിക പ്രശ്നങ്ങളുണ്ട്. അത്

വേഗത്തിൽ കൊടുത്തുതീർക്കാനുള്ള ഒരു പരിപാടി ആസൂത്രണം ചെയ്യുന്നുണ്ട്. പെട്ടെന്ന് നൽകുന്നതിനുള്ള നടപടിയുണ്ടാകും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ചേലക്കരയിലെ അപകടവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. പുതിയ സംവിധാനത്തിന്റെ യഥാർഥ കാരണം ഇതുവരെ കെ.എസ്.ഇ.ബി.എൽ. കൃത്യമായും പഠിച്ചിട്ടുണ്ടോയെന്ന് അറിയില്ല. എ.ബി.സി., യു.ജി. കേബിളിലേയ്ക്ക് മാറ്റാനുള്ള ശ്രമമാണ് നടക്കുന്നതെന്ന് പറഞ്ഞു. അതിന് ദ്യുതി, ആർ.ഡി.എസ്.എസ്. പോലുള്ള സംവിധാനങ്ങൾ നടപ്പിലാക്കുന്നുണ്ട്. എന്നാൽ തനത് ഫണ്ട് കൃത്യമായി ലഭിക്കാതിരിക്കുന്നതിനാൽ അത് നടപ്പിലാക്കാതിരിക്കുകയും ചെയ്യുന്ന അപകടാവസ്ഥ ഇതിന്റെ ഭാഗമായി നടക്കുന്നുണ്ട്. അതുപോലെ എ.ബി.സി. കണ്ടക്ടർ ഉപയോഗിച്ച് വൈദ്യുതി കണക്ഷൻ നൽകാൻവേണ്ട എന്തെങ്കിലും നിയമനടപടി കെ.എസ്.ഇ.ബി.എൽ.-ന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ; ഇതിനുവേണ്ട സ്റ്റാൻഡേർഡ് എസ്റ്റിമേറ്റ് കേരള റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച് നൽകിയിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, അത് ലഭിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്, പെട്ടെന്ന് കിട്ടുമെന്നാണ് പ്രതീക്ഷ.

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാട് കുടിവെള്ള പദ്ധതി നീലേറ്റുപുറത്താണ് നടക്കുന്നത്. അവിടെ ചിക്കാഗോ കമ്പനിയാണ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ സൈഡിൽക്കൂടി ഒരു ഹൈടെൻഷൻ ലൈൻ പോകുന്നുണ്ട്. അത് അടിയന്തരമായി മാറ്റിയില്ലെങ്കിൽ ആ വർക്കുമായി മുന്നോട്ടുപോകാൻ സാധിക്കില്ല. അതിന് അടിയന്തരമായി ഒരു ഇടപെടലുണ്ടാകുമോ; അതിനോടൊപ്പം പല വീടുകളിലെയും മുകളിൽക്കൂടി പോകുന്ന ലൈൻ കമ്പി മാറ്റുന്നതിനുവേണ്ടി നിർധനരായ കുടുംബങ്ങളോട് 25,000 രൂപ മുതൽ 30,000 രൂപ വരെയാണ് ചോദിക്കുന്നത്. ഇതൊന്ന് ഒഴിവാക്കി അവരെ സഹായിക്കാനുള്ള സംവിധാനം ഉണ്ടാക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇതുസംബന്ധിച്ച് പെട്ടെന്ന് മറുപടി പറയണമെങ്കിൽ പ്രത്യേക ചോദ്യം അനിവാര്യമാണ്. ലൈൻ കട്ട്

ചെയ്തതിനുശേഷം വീട്ടുവച്ചവരുമുണ്ട്. താങ്കൾ സൂചിപ്പിച്ച കാര്യം പരിശോധിക്കാം.

ശ്രീ. ടി. ജെ. വിനോദ്: സർ, വൈദ്യുതി ബോർഡിലെ ഉപഭോക്താക്കൾ സോളാറിലേക്ക് മാറുന്നതുമൂലം കെ.എസ്.ഇ.ബി.എൽ.-ന് നഷ്ടം ഉണ്ടാകുന്നത് എങ്ങനെയാണ്; ഉണ്ടെങ്കിൽ നാളിതുവരെ എത്ര രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്; പീക്ക് സമയത്ത് ഉയർന്ന വിലയ്ക്ക് വാങ്ങുന്ന വൈദ്യുതി സോളാർ ഉപഭോക്താക്കൾക്ക് പൂർണ്ണമായി ഇളവ് ചെയ്ത് കൊടുക്കുമ്പോൾ ഉണ്ടാകുന്ന നഷ്ടം മറ്റ് ഉപഭോക്താക്കളിൽനിന്ന് ഈടാക്കാറുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ചെറിയ സംഖ്യയ്ക്കാണ് സോളാർ ഉൽപാദിപ്പിക്കാൻ സാധിക്കുന്നത്. അത് പീക്ക് സമയത്ത് പത്ത് രൂപ മുതൽ 15 രൂപ വരെ വാങ്ങേണ്ട സ്ഥിതിവരികയാണ്. ഇത് കുറയ്ക്കണമെന്നുപറഞ്ഞാൽ വലിയ നഷ്ടം വരും. അത് പരിശോധിച്ചതിനുശേഷമാണ് പീക്ക് സമയത്ത് മൂന്ന് സ്റ്റേജായി ചാർജ് ഈടാക്കാൻ തീരുമാനിച്ചിരിക്കുന്നത്.

Uncorrected/Not for publication
17-09-2025

## ഹൈഡ്രജൻവാലി ഇന്നൊവേഷൻ ക്ലസ്റ്റർ പദ്ധതി

2 (*32) ശ്രീ. പി. പി. സുമോദ്:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. എ. രാജ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈഡ്രജൻ സമ്പദ് വ്യവസ്ഥയിലേക്കുള്ള വലിയ ചുവടുവയ്പ്പായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ പദ്ധതിക്ക് കേന്ദ്രാനുമതി നേടിയെടുക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെയുണ്ടാകുന്ന നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിലുള്ള പദ്ധതികളുടെ വിശദാംശം നൽകാമോ;

(ഡി) ഹരിത ഹൈഡ്രജൻ നയം രൂപീകരിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, (എ) ഉണ്ട്. അനെർട്ടിന്റെ നേതൃത്വത്തിൽ കേരള ഹൈഡ്രജൻ വാലി ഇന്നൊവേഷൻ ക്ലസ്റ്റർ പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ഹൈഡ്രജൻവാലി പദ്ധതിയുടെ ഭാഗമായുള്ള ഹരിത ഹൈഡ്രജൻ ഉൽപാദനം മുതൽ ഉപയോഗം വരെയുള്ള എല്ലാ ഘട്ടങ്ങൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, പങ്കാളികളായിട്ടുള്ള സ്ഥാപനങ്ങൾ വഴി വിവിധ പൈലറ്റ് പദ്ധതികൾ നടപ്പാക്കുക, ഹൈഡ്രജൻ വാലി പദ്ധതിയിൽ പങ്കാളിത്തമുള്ള സ്ഥാപനങ്ങളെ ഏകോപിപ്പിക്കുക, പങ്കാളികളുമായി ഗവേഷണ വികസനം ഉൾപ്പെടെ വിജ്ഞാനവും സാങ്കേതിക വിദ്യയും പങ്കിടാൻ സഹായിക്കുക, തദ്ദേശീയമായി ഹരിത ഹൈഡ്രജനിൽ നൂതന ആശയങ്ങളുടെയും സാങ്കേതിക വിദ്യയുടെയും വികസനം പ്രോത്സാഹിപ്പിക്കുകയും മനുഷ്യശേഷി

വികസനം സാധ്യമാക്കുകയും ചെയ്യുക തുടങ്ങിയവയാണ് ഹൈഡ്രജൻ വാലി പദ്ധതിയുടെ പ്രവർത്തനങ്ങൾ.

133.18 കോടി രൂപയുടെ പദ്ധതിക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്. ഇതിൽ 53.4 കോടി രൂപ കേന്ദ്ര സഹായമായി ലഭിക്കും. കേരള സർക്കാർ വിഹിതമായ 49.44 കോടി രൂപ 2023-ലെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന 200 കോടി രൂപയുടെ ഒരു ഭാഗം ഇത്തരം പൈലറ്റ് പദ്ധതികൾക്കുകൂടി ഉൾപ്പെട്ടതായതിനാൽ അതിൽനിന്ന് അനെർട്ട് വഴി അടുത്ത അഞ്ചു വർഷംകൊണ്ട് ഈ ഫണ്ട് പദ്ധതിക്കായി ലഭ്യമാക്കും. പങ്കാളികളും മറ്റു സ്രോതസ്സുകളും - 30.34 കോടി രൂപ.

കേന്ദ്ര സർക്കാരിന്റെ ദേശീയ ഹരിത ഹൈഡ്രജൻ മിഷൻ പദ്ധതി (NGHM) അനുസരിച്ചാണ് ഇത് അനുവദിച്ചിരിക്കുന്നത്. ദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ട നാല് ഹൈഡ്രജൻ വാലികളിൽ ഒന്നാണ് സംസ്ഥാനത്തിന് അനുവദിച്ചത്.

കൊച്ചി, ആലപ്പുഴ, തിരുവനന്തപുരം എന്നിവിടങ്ങൾ കേന്ദ്രീകരിച്ചാണ് പദ്ധതികൾ നടപ്പാക്കുന്നത്. പൈലറ്റ് ഘട്ടത്തിൽ ഒരു വർഷം 57 ടൺ

ഹരിത ഹൈഡ്രജൻ ഉൽപാദനമാണ് ലക്ഷ്യമിടുന്നത്. ഈ ഘട്ടത്തിൽ ഹരിത ഹൈഡ്രജൻ ഒരു കിലോഗ്രം ഉൽപാദിപ്പിക്കാൻ ഏകദേശം 550 രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. പൈലറ്റ് പദ്ധതികളിൽ ഹൈഡ്രജൻ ഉപയോഗിക്കുന്ന പ്രധാന മേഖലകൾ താഴെപ്പറയുന്നവയാണ്.

•ഗതാഗതം-കരയിലൂടെയുള്ള ഭാരവാഹനങ്ങൾ; ഉൾനാടൻ ജല ഗതാഗത സംവിധാനങ്ങൾ.

•ടൂറിസം മേഖലയിലെ പുരവഞ്ചി (ഹൗസ്ബോട്ട്)

•നഗര പ്രകൃതി വാതകവുമായി ശൃംഖലയിൽ മിശ്രണം ചെയ്ത് പാചക വാതക ഇന്ധനം.

ഇവയെല്ലാം ഇപ്പോൾ പൂർണ്ണമായും ഫോസിൽ അടിസ്ഥാനമാക്കിയുള്ള ഇന്ധനങ്ങളുപയോഗിച്ചാണ് (fossil fuel) പ്രവർത്തിക്കുന്നത്. അതുകൊണ്ടുണ്ടാകുന്ന പരിസ്ഥിതി, മലിനീകരണ പ്രശ്നങ്ങൾ കുറയ്ക്കാനും ഒരു പരിധിവരെ ഇല്ലാതാക്കാനും ഹരിത ഹൈഡ്രജൻ ഉപയോഗത്തിലൂടെ സാധ്യമാകും.

ഹരിത ഹൈഡ്രജൻ ഇപ്പോൾ താരതമ്യേന ചെലവേറിയ ഒരു ഊർജമാണെങ്കിലും കാർബൺ ബഹിർഗമനം കുറയ്ക്കാനുള്ള പ്രവർത്തനങ്ങളിൽ വളരെ പ്രധാനമാണ്. ഇതിന്റെ സാങ്കേതിക വിദ്യ സ്വായത്തമാക്കാനും അതിന്റെ ഉപയോഗത്തിൽ പ്രാവീണ്യം നേടാനും ഈ പൈലറ്റ് പദ്ധതികൾ സാധ്യമാക്കും. കൂടാതെ ഇതിലൂടെ പല പൊതു ഹൈഡ്രജൻ അടിസ്ഥാന സൗകര്യങ്ങളും സ്ഥാപിക്കപ്പെടും. ഇപ്പോൾ അവ വളരെ ചെലവേറിയവയാണ്. കേന്ദ്ര സഹായത്തോടെ ഇവ ആദ്യംതന്നെ സ്ഥാപിക്കാൻ സാധിക്കുമെന്നത് കേരളത്തിന് വളരെ പ്രയോജനപ്പെടുന്ന ഒരവസരമാണ്. ഇതിലൂടെ ഇവയെ അടിസ്ഥാനപ്പെടുത്തിയുള്ള കൂടുതൽ പദ്ധതികൾ ഏറ്റെടുക്കുന്നതിനും സാധ്യമാകും.

ഒരു കിലോഗ്രാം ഹരിത ഹൈഡ്രജൻ ഉൽപാദിപ്പിക്കുമ്പോൾ 2 കിലോഗ്രാമിൽ താഴെ കാർബൺഡയോക്സൈഡിന് തത്തുല്യമായ ഹരിതഗൃഹ വാതക പ്രസരണം മാത്രമേ ഉണ്ടാകാവൂ എന്നാണ് ഇന്ത്യ നിഷ്കർഷിച്ചിരിക്കുന്നത്.

കേരളത്തിൽ 2050-ഓടെ കാർബൺ ന്യൂട്രൽ ആകാനുള്ള ലക്ഷ്യത്തിനും ഹരിത ഹൈഡ്രജൻ സഹായകമാകുമെന്ന് കരുതുന്നു. പ്രത്യേകിച്ച് ഭാര വാഹനങ്ങളുടെയും (ബസ്, ട്രക്ക്) ജലയാനങ്ങളുടേയും കാർബൺ പ്രസരണം കുറയ്ക്കുന്നതിൽ വൈദ്യതി പൂർണ്ണമായും അക്ഷയ ഊർജത്തിലേക്ക് മാറാൻ ജലവൈദ്യുതി കൂടാതെയുള്ള സംഭരണ സംവിധാനങ്ങളും ആവശ്യമായി വരും. ഹൈഡ്രജൻ ഒരു സംഭരണ സംവിധാനമായും ഉപയോഗപ്പെടുത്താം.

കേരളത്തിനുള്ളിലെ ഹരിതഗൃഹവാതക പ്രസരണത്തിന്റെ ഏറിയ ഭാഗവും (ഏകദേശം 79 ശതമാനം) ഊർജത്തിൽ നിന്നാണ്. അതിന്റെ 62 ശതമാനമാകട്ടെ ഗതാഗത മേഖലയിൽ നിന്നുമാണ്. (വൈദ്യുതി കൂടുതലും കേരളത്തിനു പുറത്തു നിന്നെത്തുന്ന എന്നുള്ളതുകൊണ്ടുകൂടിയാണ് ഇങ്ങനെ) കാർബൺ എമിഷൻ കുറയ്ക്കാൻ ബുദ്ധിമുട്ടുള്ള മേഖലയായ ഭാര വാഹനങ്ങളെ ഇതിനു സഹായിക്കാൻ ഹരിത ഹൈഡ്രജന് സാധ്യമാകും. ഇപ്പോഴുള്ള (ഗ്രേ) ഹൈഡ്രജൻ ഉപഭോക്താക്കളായ റിഫൈനറിയും രാസവള നിർമ്മാണവും ഹരിത ഹൈഡ്രജനിലേക്ക് മാറുന്നതും ഒരു ദീർഘകാല ലക്ഷ്യമാണ്.

പാചകവാതകത്തിനായി പ്രകൃതി വാതകം വിതരണം ചെയ്യുന്ന ശൃംഖലകളിൽ ഒരു ചെറിയ ശതമാനം ഹരിത ഹൈഡ്രജൻ മിശ്രണം ചെയ്യുന്നതും കാർബൺ എമിഷൻ കുറയ്ക്കാൻ സഹായിക്കും.

(സി) പ്രധാനമായും രണ്ടു ഘട്ടമായിട്ടാണ് ഹൈഡ്രജൻ വാലി പദ്ധതി നടപ്പാക്കുന്നത്. വിവിധ പൈലറ്റ് പദ്ധതികൾ അടങ്ങിയ ഒന്നാം ഘട്ടം ആദ്യ 5 വർഷം കൊണ്ട് നടപ്പാക്കാനും തുടർന്നുള്ള സ്കെയിൽ-അപ് ഘട്ടത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ വൻതോതിൽ വാണിജ്യാടിസ്ഥാനത്തിലുള്ള ഹരിത ഹൈഡ്രജൻ ഉൽപാദനവും അതിന്റെ വിവിധ മേഖലകളിലെ ഉപയോഗം വർധിപ്പിക്കലും കയറ്റുമതിയും ലക്ഷ്യമിടുന്നു.

HVIC-യിലെ പ്രവർത്തനങ്ങൾ വിവിധ വർക്ക് പ്ലാനുകൾ (WP) ആയാണ് ക്രോഡീകരിച്ചിരിക്കുന്നത്. ഇതിൽ WP 1, 3, 4, 5, 6, 7 എന്നിവ ആദ്യ പൈലറ്റ് ഘട്ടത്തിൽ നടത്താനും WP2 സ്കെയിലപ് ഘട്ടത്തിലുമാണ്. പദ്ധതികളുടെ ഹ്രസ്വവിവരങ്ങൾ (വർക്ക് പ്ലാനുകൾ) അനുബന്ധമായി[+] ചേർക്കുന്നു.

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ (ഡി.എസ്.റ്റി.) HVIC-ക്കായുള്ള താൽപര്യപത്രം ക്ഷണിച്ചപ്പോൾ തന്നെയുള്ള ഒരു നിബന്ധന പ്രകാരം കമ്പനീസ് ആക്ടിന്റെ സെക്ഷൻ 8 പ്രകാരമുള്ള ലാഭേച്ഛകൂടാതെ പ്രവർത്തിക്കുന്ന ഒരു കമ്പനി വേണം ഹൈഡ്രജൻ വാലി പദ്ധതി നടപ്പാക്കാൻ. ഈ കമ്പനിക്കുമാത്രമേ ഡി.എസ്.റ്റി. ഫണ്ട് കൈമാറുകയുള്ളൂ. അതനുസരിച്ച് സർക്കാർ അനുമതിയോടെ അനെർട്ട് സി.ഇ.ഒ. ചെയർമാനും മാനേജിങ് ഡയറക്ടറുമായിട്ടുള്ള 'കേരള HVIC ഫൌണ്ടേഷൻ' എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്പനിയായിരിക്കും കേരള ഹൈഡ്രജൻ വാലിയുടെ പൂർണ്ണ മേൽനോട്ടം വഹിക്കുന്നത്. പങ്കാളികൾ തമ്മിലുള്ള ഏകോപനവും ഈ കമ്പനിയായിരിക്കും നിർവഹിക്കുക. ഡി.എസ്.റ്റി., ദേശീയ ഹരിത ഹൈഡ്രജൻ മിഷൻ എന്നിവരുമായുള്ള പദ്ധതി പുരോഗതി സംബന്ധിച്ച റിപ്പോർട്ടിങ്, ഫണ്ട് വിനിയോഗം സംബന്ധിച്ച റിപ്പോർട്ടിങ് തുടങ്ങിയവയും ഈ കമ്പനിയുടെ ഉത്തരവാദിത്തത്തിലായിരിക്കും. പൈലറ്റ് ഘട്ടമായ ആദ്യ അഞ്ചു വർഷങ്ങൾക്കുശേഷം 'സ്കെയിലിങ്ങ് അപ്പ്' ഈ കമ്പനി ഉറപ്പാക്കണം.

(ഡി) ഉണ്ട്. ഹരിത ഹൈഡ്രജൻ നയത്തിന്റെ കരട് അനെർട്ട് തയ്യാറാക്കി സർക്കാരിനു സമർപ്പിച്ചിരുന്നു. വിവിധ തലങ്ങളിൽ ചില ചർച്ചകളും നടന്നിട്ടുണ്ട്. ഉടൻതന്നെ അന്തിമമാക്കി അംഗീകരിക്കപ്പെടുമെന്ന് കരുതുന്നു.

ശ്രീ. പി. പി. സുമോദ്: വൈദ്യുതി ഉൽപാദന രംഗത്തും സ്വയംപര്യാപ്തതയിലുമെല്ലാം വളരെയേറെ മുന്നേറാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഹരിതോർജവുമായി ബന്ധപ്പെട്ടതാണ് എന്റെ ചോദ്യം. പരിസ്ഥിതി സൗഹൃദവും ജനോപകാരപ്രദവുമായ ഹരിതോർജ പദ്ധതികൾ രൂപീകരിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമായി സർക്കാർ നടത്തുന്ന ഇടപെടലുകളെ സംബന്ധിച്ച് വിശദമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കേരളത്തിൽ ഏറെ സാധ്യതയുള്ളതും ദീർഘകാലാടിസ്ഥാനത്തിൽ ലാഭകരവുമായ ജലവൈദ്യുതപദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കേരളസർക്കാർ ക്രിയാത്മകമായ ഇടപെടലുകളാണ് നടത്തിവരുന്നത്. ഏറെക്കാലമായി മുടങ്ങിക്കിടന്നിരുന്ന 40 മെഗാവാട്ട് ശേഷിയുള്ള തോട്ടിയാറും 60 മെഗാവാട്ട് ശേഷിയുള്ള പള്ളിവാസൽ

വിപുലീകരണ പദ്ധതിയുമടക്കം 179.65 മെഗാവാട്ട് ജലവൈദ്യുത ഉൽപാദനശേഷി കൈവരിക്കാൻ നമുക്ക് കഴിഞ്ഞു. ഇതിൽ വൈദ്യുതിബോർഡ് നേരിട്ട് 150.6 മെഗാവാട്ടും സ്വകാര്യസംരംഭകർ വഴി 29.05 മെഗാവാട്ടും പൂർത്തിയാക്കി. 111 മെഗാവാട്ട് ശേഷിയുള്ള 7 പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. ആയതിനാൽ ഈ സർക്കാരിന്റെ കാലത്ത് നിർമ്മാണോദ്ഘാടനം നിർവഹിച്ച 40 മെഗാവാട്ട് ശേഷിയുള്ള മാങ്കുളം, 24 മെഗാവാട്ട് ശേഷിയുള്ള ചിന്നാർ എന്നീ പദ്ധതികൾ ഈ സർക്കാരിന്റെ കാലത്തുതന്നെ പൂർത്തീകരിക്കും. ഇടുക്കി സുവർണ്ണജൂബിലി പദ്ധതി 800 മെഗാവാട്ട്, ലക്ഷ്മി ജലവൈദ്യുതപദ്ധതി 240 മെഗാവാട്ട്, ശബരിഗിരി വിപുലീകരണ പദ്ധതി 450 മെഗാവാട്ട് എന്നിവയാണ് സംസ്ഥാനത്ത് വരുംവർഷങ്ങളിൽ നടത്താനുദ്ദേശിക്കുന്ന വൻകിട ജലവൈദ്യുത പദ്ധതികൾ. കേരളത്തിൽ ആറായിരത്തിൽപരം മെഗാവാട്ട് പമ്പ്ഡ് സ്റ്റോറേജ് പദ്ധതികൾ സാധ്യമാണ്. ഇതിൽ മണ്ണപ്ര 30 മെഗാവാട്ട്, മുതിരപ്പുഴ 100 മെഗാവാട്ട് എന്നീ പദ്ധതികൾ ഇതിനോടകംതന്നെ സർക്കാർ തലത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

ഇപ്പോൾ രാജ്യത്തിനുതന്നെ മാതൃകയായി സൗരോർജ ഉൽപാദനത്തിൽ നാളിതുവരെ 1883 മെഗാവാട്ട് കൈവരിക്കാൻ കേരളത്തിന് സാധിച്ചു.

ശ്രീ. പി. പി. സുമോദ്: സർ, എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞ ഒമ്പത് വർഷക്കാലംകൊണ്ട് സൗരോർജ ഉൽപാദനത്തിൽ രാജ്യത്തിന് മാതൃകയാകുന്ന തരത്തിൽ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, 2016-ൽ സൗരോർജ പദ്ധതികളിൽ നിന്നുള്ള ആകെ സ്ഥാപിതശേഷി 16.49 മെഗാവാട്ട് മാത്രമായിരുന്നു. കഴിഞ്ഞ ഒമ്പതുവർഷം കൊണ്ട് 1866.51 മെഗാവാട്ട് ശേഷിയുള്ള സൗരോർജ നിലയങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കപ്പെട്ടു. സൗരോർജ പദ്ധതിയിലൂടെ 49529 പുരപ്പുറങ്ങളിലും പി.എം. സൂര്യ ഘർ പദ്ധതിയിലൂടെ 139420 പുരപ്പുറങ്ങളിലുമായി 555 മെഗാവാട്ട് ശേഷിയുള്ള സോളാർ നിലയങ്ങൾ ഇതിനോടകം സ്ഥാപിച്ചു. പി.എം. സൂര്യ ഘർ പദ്ധതിയുടെ കേന്ദ്ര സബ്സിഡി ഇനത്തിൽ 999.97 കോടി രൂപ ഉപഭോക്താക്കൾക്ക് ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിലെ പുരോഗതി കണക്കിലെടുത്ത് 194.9 കോടി രൂപയുടെ ഇൻസെന്റീവ് കേന്ദ്ര സർക്കാരിൽനിന്ന്

കെ.എസ്.ഇ.ബി.-ക്ക് നേടാനും കഴിഞ്ഞിട്ടുണ്ട്. പുരപ്പുറ സൗരോർജ്ജ പദ്ധതിയിലൂടെ 287200 പുരപ്പുറങ്ങളിലായി 1587.374 മെഗാവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1578 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചു.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഹരിത ഇന്ധനമായ ഹൈഡ്രജനുമായി ബന്ധപ്പെട്ട പദ്ധതികളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിയിവിടെപ്പറഞ്ഞ കാര്യങ്ങൾ പ്രസക്തമാണ്. ഈ പദ്ധതി എന്നത്തേയ്ക്ക് പൂർണ്ണതോതിൽ പ്രാവർത്തികമാക്കാൻ കഴിയുമെന്നും ഇതിന്റെ ഗവേഷണ സാങ്കേതിക സഹായങ്ങൾക്കുള്ള പങ്കാളികൾ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഹൈഡ്രജൻ ഹബ്ബ് പദ്ധതിക്ക് ഭരണാനുമതി മാത്രമാണ് സർക്കാർ നൽകിയിട്ടുള്ളത്. ഡി.പി.ആർ. തയാറാക്കൽ, പദ്ധതിയുടെ സൂക്ഷ്മപരിശോധന തുടങ്ങിയ കാര്യങ്ങളിൽ കൺസൽട്ടൻസി സേവനം പ്രയോജനപ്പെടുത്തുകയാണ്. പദ്ധതി നിർദേശത്തിലുണ്ടായിരുന്നു, എന്നാൽ ഈ കൺസൽട്ടൻസിയെ

നിയമിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിയമനം നടത്തിയത് അനെർട്ട് ആണ്. ആയതിന് സർക്കാർ അനുമതി നേടിയിട്ടില്ല. അതുസംബന്ധിച്ച് ഒരു പ്രശ്നം ശ്രദ്ധയിൽപ്പെട്ടതിനാൽ അത് സംബന്ധിച്ച് അന്വേഷണം നടത്തിയശേഷം മാത്രമേ അക്കാര്യം പരിഗണിക്കുകയുള്ളൂ.

ശ്രീ. യു. ആർ. പ്രദീപ്: സർ, വീടുകളിലെ എയർകണ്ടീഷണറുകളിൽ നിന്നുണ്ടാകുന്ന പൊല്യൂഷനേക്കാൾ കൂടുതലാണോ വാഹനങ്ങൾ പുറന്തള്ളുന്ന പുക സൃഷ്ടിക്കുന്ന പൊല്യൂഷൻ എന്നതുസംബന്ധിച്ച് ഒരു പഠനം നടത്താൻ സാധിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വാഹനങ്ങളേക്കാൾ കൂടുതൽ എയർ കണ്ടീഷണറുകളിൽ നിന്നാണ് പൊല്യൂഷൻ ഉണ്ടാകുന്നതെന്ന ഒരു പഠനമുണ്ട്. അക്കാര്യം പരിശോധിക്കുന്നതാണ്.

ശ്രീ. എ. രാജ: സർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സഹായത്തോടുകൂടി നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി സുരക്ഷ ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഇലക്ട്രിസിറ്റി ബോർഡ് അത്തരത്തിലൊരു നിർദേശം മുന്നോട്ട് വച്ചിട്ടുണ്ട്. അത് പരിഗണിക്കുന്നതാണ്.

ശ്രീ. എം. വിൻസെന്റ്: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന കഴിഞ്ഞ ഒമ്പത് വർഷക്കാലമായി ബാറ്ററി സ്റ്റോറേജ് സിസ്റ്റം, പുരപ്പുറ സോളാർ തുടങ്ങിയ നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. പുരപ്പുറ സോളാർ പദ്ധതിയിലൂടെ കെ.എസ്.ഇ.ബി.-ക്ക് കോടിക്കണക്കിന് രൂപയുടെ സാമ്പത്തിക ബാധ്യതയാണുണ്ടായത്. എന്നാൽ പിന്നീടത് ഉപഭോക്താക്കൾതന്നെ വച്ചുകൊള്ളട്ടെയെന്ന് തീരുമാനിച്ചു. എന്തുകൊണ്ടാണ് ആദ്യം കെ.എസ്.ഇ.ബി.തന്നെ ചെയ്യുകയും പിന്നീടത് മാറ്റുകയും ചെയ്തതെന്ന് മനസ്സിലാകുന്നില്ല. പുരപ്പുറ സോളാർ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; പലപ്പോഴും ക്ലീനിങ് പോലും നടത്താൻ കഴിയാത്ത അവസ്ഥയിലേക്ക് മാറിയിരിക്കുകയാണ്. സ്വാഭാവികമായും ഉൽപാദനം വളരെ കുറയുന്നു. ഇത്തരം കാര്യങ്ങൾ മുൻകൂട്ടികണ്ടുകൊണ്ട് സമഗ്രമായൊരു പഠനം നടത്തിയശേഷമാണോ പുതിയ ഹൈഡ്രജൻവാലി പദ്ധതിയുമായി ഈ ഗവൺമെന്റ് മുന്നോട്ട് പോകുന്നത്?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, ഹൈഡ്രജൻവാലി പദ്ധതി പുതിയൊരു ആശയമാണ്. കേന്ദ്ര ഗവൺമെന്റിൽനിന്ന് നാല് സംസ്ഥാനങ്ങൾക്ക് മാത്രമാണ് അതിന് സഹായം ലഭിക്കുന്നത്. പ്രസ്തുത നാല് സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെടുന്നു. അത് പരിശോധിച്ച് പഠിച്ചശേഷം മാത്രമേ പദ്ധതി ആരംഭിക്കുകയുള്ളൂ. പുരപ്പുറ സോളാറിന്റെ അപാകതകൾ പരിഹരിക്കാനും അതിന്റെ മെയിന്റെനൻസിനെക്കുറിച്ചും വളരെ ഗൗരവമായി ആലോചിക്കുന്നതാണ്.

<u>ശ്രീ. എം. രാജഗോപാലൻ:</u> സർ, ഉത്തരമലബാറിൽ വൈദ്യുതി വിതരണം ശാക്തീകരിക്കാൻ ഉതകുന്ന ഉഡുപ്പി-കരുന്തളം-വയനാട് പവർഹൈവേ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ഓരോ പ്രശ്നങ്ങളും ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ പരിഹരിച്ചുവരുന്നത് അഭിനന്ദനാർഹമാണ്. ഇത് സംബന്ധിച്ച് കൃഷിക്കാർക്ക് ലഭ്യമാകേണ്ട നഷ്ടപരിഹാരം നൽകാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്?

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, കൃഷിക്കാർക്കായി ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. അത് നൽകും.

Uncorrected/Not for publication
17-09-2025

## കേന്ദ്ര നയംമൂലം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ നേരിടുന്ന പ്രതിസന്ധികൾ

3 (*33) ശ്രീ. കെ. പ്രേംകുമാർ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. എച്ച്. സലാം:
ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യ-യു.കെ. സ്വതന്ത്ര വ്യാപാര കരാർ രാജ്യത്ത് പൊതുവിലും സംസ്ഥാനത്ത് പ്രത്യേകിച്ചും എറ്റവും കൂടുതൽ തൊഴിൽദാതാക്കളായ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ പ്രതികൂലമായി ബാധിക്കുമെന്ന ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്രത്തിന്റെ നയസമീപനങ്ങളാലും കേന്ദ്ര അവഗണനയാലും സംസ്ഥാനത്തെ എം.എസ്.എം.ഇ.-കൾ നേരിട്ട പ്രതിസന്ധികളെ തരണം ചെയ്ത് ഈ മേഖലയിൽ പുത്തൻ ഉണർവ് പകരുന്നതിന് സംസ്ഥാന സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ചെറുകിട വ്യവസായങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് സംസ്ഥാനത്ത് സ്മാർട്ട് സമ്പദ്‌വ്യവസ്ഥ രൂപീകരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) ഇന്ത്യ-യു.കെ. സ്വതന്ത്ര വ്യാപാര കരാർമൂലം കേരളത്തിലും ഇന്ത്യയിലും എം.എസ്.എം.ഇ. മേഖലയിൽ അനുകൂലമായ സാധ്യതകളും ഒപ്പം ചില വെല്ലുവിളികളും ഉണ്ടാകാനുള്ള സാധ്യതയുണ്ട്. പ്രത്യേകിച്ച്, സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ പ്രധാന മേഖലകളായ തുണിത്തരങ്ങൾ, സമുദ്രോല്പന്നങ്ങൾ, തുകൽ വസ്തുക്കൾ തുടങ്ങിയ സംരംഭങ്ങൾക്ക് യു.കെ. വിപണിയിലേക്ക് തീരുവരഹിത പ്രവേശനം നൽകുന്നതിലൂടെ ആഗോള മത്സരക്ഷമത വർധിപ്പിക്കുന്നതിനുള്ള സാധ്യത ലഭ്യമാകുന്നതാണ്. കൂടാതെ ചായ, സുഗന്ധവ്യഞ്ജനങ്ങൾ, കാപ്പി തുടങ്ങിയവയുടെ യു.കെ.-യിലേക്കുള്ള കയറ്റുമതിയിൽ കേരളത്തിന് കൂടുതൽ അവസരം ലഭിക്കാനും സാധ്യതയുണ്ട്. വർധിച്ച കയറ്റുമതി അവസരങ്ങൾ, തൊഴിലവസര സൃഷ്ടി, നവീകരണത്തിനുള്ള ഉയർന്ന സാധ്യത, ഉൽപാദന

വർധനവ് എന്നിവ ഈ കരാറിന്റെ ഭാഗമായി ഉണ്ടാകാനുള്ള സാധ്യതയുണ്ട്. എന്നാൽ ചില സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് സ്വതന്ത്ര വ്യാപാര കരാറുമായി പൊരുത്തപ്പെടാൻ വെല്ലുവിളി ഉണ്ടായേക്കാം. യു.കെ.-യിൽ നിന്നുള്ള ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട ഗുണനിലവാര മാനദണ്ഡങ്ങൾ ഉള്ളതിനാൽ, കേരളത്തിലെ ചില ഉൽപന്നങ്ങൾക്ക് ഈ നിലവാരം പുലർത്താൻ കൂടുതൽ നവീകരണം ആവശ്യമായി വരും. യു.കെ.-യിൽ നിന്നുള്ള മത്സരവും ഉയർന്ന ഉൽപാദനച്ചെലവുകളും കേരളത്തിലെ ചില സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ ബാധിച്ചേക്കാം. കൂടാതെ കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ യു.കെ. വിപണിയിൽ പ്രവേശിക്കാൻ ആവശ്യമായ സാങ്കേതികവിദ്യയും അറിവും ലഭ്യമാക്കേണ്ടി വരും.

(ബി) ഉണ്ട്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ മേഖലയിൽ നേരിടുന്ന പ്രതിസന്ധികൾ തരണം ചെയ്ത് ഉൽപാദനവും തൊഴിലും വർധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. സർക്കാർ പദ്ധതികൾ വഴിയുള്ള സാമ്പത്തിക

സഹായങ്ങൾ നൽകുന്നതിലുപരി സംരംഭകർക്ക് ആവശ്യമായ വിവിധ സേവനങ്ങളും ഉപദേശങ്ങളും നൽകുന്ന ഒരു ഫെസിലിറ്റേറ്റർ എന്ന നിലയിലും വകുപ്പിന്റെ പ്രവർത്തനം മാറിയിട്ടുണ്ട്. സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നൽകിയും വ്യവസായം തുടങ്ങാൻ ആവശ്യമായ അനുമതികൾ സമയബന്ധിതമായി നൽകാൻ സഹായിക്കുകയുംവഴി കേരളം മികച്ച നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറിയിട്ടുണ്ട്.

സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനും വ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിൽപന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന വിവിധ വ്യാപാര മേളകൾ സംഘടിപ്പിക്കുകയും ദേശീയ-അന്തർദേശീയ തലങ്ങളിൽ നടക്കുന്ന വ്യാപാര മേളകളിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് പങ്കെടുക്കുന്നതിനുള്ള അവസരം ഒരുക്കിക്കൊടുക്കുകയും ചെയ്യുന്നു. കൂടാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും

സാങ്കേതികപരമായി പുരോഗമനം നേടുന്നതിനുമായി കേന്ദ്രീകൃത ഓൺലൈൻ പ്ലാറ്റ്ഫോമായ ബി 2 ബി ബിസിനസ്സ് പോർട്ടൽ പ്രവർത്തിച്ചു വരുന്നു. എല്ലാ വർഷവും ന്യൂഡൽഹിയിൽ വച്ചു നടക്കുന്ന ദേശീയ വ്യാപാര പ്രദർശന മേളയിൽ (IITF) വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംരംഭങ്ങളെ പങ്കെടുപ്പിക്കുന്നതിലൂടെ ദേശീയ അന്തർദേശീയ വിപണികൾ ലഭ്യമാക്കുന്നതിനുള്ള അവസരവും സംരംഭങ്ങൾക്ക് ലഭ്യമാകുന്നുണ്ട്. കേരളത്തിൽ നിർമ്മിക്കുന്ന ഉൽപന്നങ്ങളുടെ ഗുണമേന്മ സാക്ഷ്യപ്പെടുത്തുന്നതിനും അവയ്ക്ക് ദേശീയ അന്തർദേശീയ വിപണികൾ പ്രാപ്തമാക്കുന്നതിന് സഹായിക്കുന്നതിനുമായി കേരള ബ്രാൻഡ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശീയ സംരംഭങ്ങളുടെ വിപണന സാധ്യത വർധിപ്പിക്കുക, നിർദ്ദിഷ്ട ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്ന സംരംഭങ്ങളെ തിരിച്ചറിയുന്നതിനും ആഗോള വിപണികളിൽ പരിമിതമായ ദർശനീയതയുള്ള കേരളത്തിലെ സംരംഭങ്ങളുടെ കയറ്റുമതി പ്രകടനം മെച്ചപ്പെടുത്തുന്നതിനും ഉപഭോക്താക്കൾക്ക് ഉയർന്ന നിലവാരമുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന ഉൽപന്നങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനും ഈ

മാനദണ്ഡങ്ങൾ പാലിക്കാൻ പ്രതിജ്ഞാബദ്ധരായ നിർമ്മാതാക്കളുടെ/സേവനദാതാക്കളുടെ വിപണന സാധ്യത മെച്ചപ്പെടുത്തുന്നതിനുമുള്ള ഒരു സംവിധാനമാണ് കേരള ബ്രാൻഡ്. ഉയർന്ന നിലവാരമുള്ള ഉൽപന്നങ്ങൾ / സേവനങ്ങൾ ഉറപ്പുവരുത്തുന്ന ഘടകമായി ഈ ബ്രാൻഡിങ് പ്രവർത്തിക്കുന്നതാണ്.

കേരള ബ്രാൻഡ് സർട്ടിഫിക്കേഷൻ ലഭിക്കുന്ന ഉൽപന്നങ്ങൾ, ആഭ്യന്തര-അന്തർദേശീയ തലങ്ങളിൽ "MADE IN KERALA" എന്ന സവിശേഷമായ ബ്രാൻഡ് നാമത്തിൽ വിപണനം ചെയ്യാൻ കഴിയുന്നതാണ്. ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് നിർദിഷ്ട മാനദണ്ഡങ്ങൾ പാലിക്കാൻ തയ്യാറുള്ള നിർമ്മാതാക്കൾക്ക് മാർക്കറ്റിങ് സാധ്യത ഗണ്യമായി മെച്ചപ്പെടുത്താൻ കേരള ബ്രാൻഡ് വഴിയൊരുക്കുന്നു.

ഓൺലൈൻ ശൃംഖലയിൽ രജിസ്റ്റർ ചെയ്യുന്ന ഏതൊരു ഉൽപന്നത്തിനും വിവിധ സെഗ്മെന്റുകളിലായി പ്രാദേശിക വാണിജ്യം കണ്ടെത്താനും അതിൽ ഏർപ്പെടാനും അനുവദിക്കുന്നതിനായുള്ള ഇന്ത്യ ഗവണ്മെന്റിന്റെ ഒരു സംരംഭമാണ് ONDC. പുതിയ അവസരങ്ങൾ

സൃഷ്ടിക്കുക, ഡിജിറ്റൽ കുത്തകകൾ കുറയ്ക്കുക, ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേയ്ക്ക് പ്രവേശനം നേടുന്നതിന് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും സഹായിക്കുക എന്നിവയാണ് ഈ പ്ലാറ്റ് ഫോമിന്റെ ലക്ഷ്യം.

പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ, ഉൽപന്നങ്ങളുടെ വിപണനം എന്നിവയിൽ നേട്ടം കൊയ്യുന്നതിന് വൺ ഡിസ്ട്രിക്ട് വൺ പ്രോഡക്റ്റ് (ODOP) എന്ന സമീപനമാണ് ODOP വഴി സ്വീകരിക്കുന്നത്.

ഒരു ജില്ലയിൽ ഒന്നിലധികം ODOP ഉൽപന്നങ്ങളുടെ ക്ലസ്റ്റർ ഉണ്ടാകാം. ഒരു സംസ്ഥാനത്ത് ഒന്നിലധികം സമീപ ജില്ലകൾ അടങ്ങുന്ന ODOP ഉൽപന്നങ്ങളുടെ ഒരു ക്ലസ്റ്റർ ഉണ്ടാകാം. ഉപയോഗപ്പെടുത്താതെ നശിക്കുന്ന കാർഷിക ഉൽപന്നങ്ങൾ, ധാന്യങ്ങൾ അടിസ്ഥാനമാക്കിയുള്ള ഉൽപന്നങ്ങൾ, അല്ലെങ്കിൽ ഒരു ജില്ലയിലും അനുബന്ധ മേഖലകളിലും വ്യാപകമായി ഉൽപാദിപ്പിക്കുന്ന ഭക്ഷ്യ ഉൽപന്നങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടും. പരമ്പരാഗതവും നൂതനവുമായ ഉൽപന്നങ്ങൾക്ക് പദ്ധതി പ്രകാരം പിന്തുണ നൽകാം. മൂലധന നിക്ഷേപത്തിനായി നിലവിലുള്ള വ്യക്തിഗത

മൈക്രോ യൂണിറ്റുകൾക്ക് പിന്തുണ നൽകുന്നതിനോടൊപ്പം ODOP ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നവർക്ക് മുൻഗണന നൽകും.

(സി) ഉണ്ട്. ചെറുകിട വ്യവസായങ്ങളുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് വിവരസാങ്കേതികവിദ്യ, നവീകരണം, നൈപുണ്യ വികസനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് കേരളത്തിൽ ഒരു 'സ്മാർട്ട് സമ്പദ്‌വ്യവസ്ഥ' വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നുണ്ട്.

സാങ്കേതികവിദ്യയുടെ ഉപയോഗത്തിലൂടെ സംരംഭകത്വം പ്രോത്സാഹിപ്പിക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും ഇതുവഴി ലക്ഷ്യമിടുന്നു. കൂടാതെ അനുയോജ്യമായ ഒരു വ്യാവസായിക ആവാസവ്യവസ്ഥ സൃഷ്ടിക്കുന്നതിന് എം.എസ്.എം.ഇ-കൾക്ക് പിന്തുണ നൽകുന്നതിന് 2023-ലെ വ്യവസായ നയത്തിൽ ഊന്നൽ നൽകുന്നുണ്ട്.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, ടോപ്പ് അച്ചീവർ അവാർഡ് ഉൾപ്പെടെ നേടി ഇന്ത്യൻ ജനസംഖ്യയിൽ മൂന്ന് ശതമാനത്തിൽ താഴെ മാത്രം ജനസംഖ്യയുള്ള കേരളം വ്യവസായരംഗത്ത് അഭൂതപൂർവ്വമായ വളർച്ചയ്ക്കും മുന്നേറ്റത്തിനും നേതൃത്വം കൊടുക്കുകയാണ്. സംസ്ഥാന സർക്കാർ

നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ സംസ്ഥാനത്ത് എം.എസ്.എം.ഇ. സെക്ടറിൽ വന്ന മാറ്റം വിശദമാക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, കേരളത്തിന്റെ വ്യവസായ മേഖലയിൽ ഏറ്റവും സാധ്യതയുള്ളൊരു രംഗമെന്നത് എം.എസ്.എം.ഇ.-കളാണ്. അത് കണക്കിലെടുത്തുകൊണ്ടാണ് ഗവൺമെന്റ് സംരംഭകവർഷം പദ്ധതി ആവിഷ്കരിച്ചത്. അക്കാര്യത്തിൽ മികച്ച രീതിയിൽ മുന്നേറാൻ നമുക്ക് കഴിഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഏകദേശം 75000 Udyam Registration-കളാണുണ്ടായിരുന്നത്. ഇപ്പോളത് 16 ലക്ഷത്തിനും മുകളിലാണ്. എന്നാൽ ഈ 16 ലക്ഷത്തിലേക്ക് ഉണ്ടായ വളർച്ച മുഴുവൻ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിലുണ്ടായ വ്യവസായങ്ങളാണെന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. കാരണമത് ട്രേഡ്, ഇൻഫോർമൽ എം.എസ്.എം.ഇ.-കൾ എല്ലാം രജിസ്ട്രേഷൻ നടത്തി, വലിയ ക്യാമ്പയിന്റെ കൂടെ ഭാഗമാണ്. എന്നാൽ എഴുപത്തയ്യായിരത്തിൽ നിന്ന് പതിനാറ് ലക്ഷത്തിലേക്കുള്ള ഈ മാറ്റത്തിൽ 353133 പുതിയ സംരംഭങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി 22,688.46 കോടി

രൂപയുടെ നിക്ഷേപവും 749712 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. എല്ലാ ജില്ലയ്ക്കകത്തും നല്ല മാറ്റമുണ്ടായി. അതിൽ 31% സ്ത്രീ സംരംഭകരാണെന്നതും പ്രത്യേകതയാണ്. നിലവിലുള്ള എം.എസ്.എം.ഇ.-കളെ ശക്തിപ്പെടുത്തുന്നതിനും അവരുടെ മരണനിരക്ക് കുറയ്ക്കുന്നതിനുംവേണ്ടിയുള്ള സംവിധാനങ്ങൾ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും എം.എസ്.എം.ഇ. ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. സാമ്പത്തികമോ മാർക്കറ്റിങ്ങിന്റേയോ ടെക്നോളജിയുടേയോ മാനേജ്മെന്റിന്റേയോ ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ വന്നാൽ എം.എസ്.എം.ഇ. ക്ലിനിക്കിലെത്തി ആവശ്യമായ ഉപദേശം തേടാം. അതിൽതന്നെ എക്സ്പേർട്ട്സും ഇൻസ്റ്റിറ്റ്യൂഷൻസുമുണ്ട്. എം.എസ്.എം.ഇ. ക്ലിനിക്കുകൾക്ക് ആവശ്യമായ റെമ്യൂണറേഷൻ ഗവൺമെന്റ് നൽകുന്നതാണ്. അതുപോലെത്തന്നെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ്, ജി.എസ്.ടി. റിട്ടേൺസ് എന്നിവയെല്ലാം തയ്യാറാക്കാനായി ഐ.സി.എ.-യുടെ സഹായത്തോടുകൂടി എല്ലാം ജില്ലകളിലും സൗജന്യ ഹെൽപ്പ് ഡെസ്കുകൾ ആരംഭിച്ചിട്ടുണ്ട്. മാർക്കറ്റിങ്ങിൽ വരുന്ന പ്രതിസന്ധി മറികടക്കുന്നതിനുവേണ്ടി

ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയും ഞാനും കൂടി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ കെ-സ്റ്റോർ വഴി നമുക്ക് ലോക്കൽ ഉൽപ്പന്നങ്ങൾ വിൽക്കാനുള്ള സൗകര്യം ചെയ്തിട്ടുണ്ട്. ഏകദേശം 30 കോടി രൂപയുടെ വില്പന കെ-സ്റ്റോർ വഴി നമ്മുടെ പ്രാദേശിക ഉൽപ്പന്നങ്ങൾക്ക് ഇപ്പോൾ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. അതിന് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയോട് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. ഇതുകൂടാതെ ഓൺലൈൻ മാർക്കറ്റിങ്ങിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എം.എസ്.എം.ഇ.-കൾ ശക്തിപ്പെടുത്തുന്നതിനായുള്ള 'മിഷൻ-1000' നല്ല രീതിയിൽത്തന്നെ പുരോഗമിക്കുന്നുണ്ട്. ഇതുകൂടാതെ ധാരാളം നാനോ സംരംഭങ്ങളും നിലവിലുണ്ട്. സ്ത്രീകളാണ് കൂടുതലായി അത്തരം സംരംഭങ്ങളിൽ ഏർപ്പെട്ടിരിക്കുന്നത്. അവരെ ശരാശരി 1 കോടി ടേണോവറുള്ള സംരംഭകരാക്കി മാറ്റാനായി 'മിഷൻ-10000' എന്ന പദ്ധതികൂടി ഗവൺമെന്റ് ഇപ്പോൾ ആവിഷ്കരിക്കുന്നുണ്ടെന്ന കാര്യംകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. കെ. പ്രേംകുമാർ: സർ, മറ്റുരാജ്യങ്ങളിൽ ജോലി ചെയ്യുന്ന വിദേശ മലയാളി പ്രൊഫഷണലുകൾ ജോലി ചെയ്യുന്നതിനായി കേരളത്തിലേയ്ക്ക് തിരിച്ചുവരുന്നതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, വളരെ നല്ലൊരു ചോദ്യമാണിത്. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട പ്രൊഫഷണൽ എയ്ഡുകളുടെ നെറ്റ്‌വർക്കിങ് സംവിധാനമാണ് LinkedIn. എല്ലാവർക്കും അറിയാവുന്നതുപോലെ വലിയ തോതിലുള്ള പ്രൊഫഷണലുകൾ LinkedIn-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഏകദേശം 1.2 ബില്ല്യൺ പ്രൊഫഷണലുകളാണ് LinkedIn മെമ്പർമാരായുള്ളത്. ഏകദേശം 70 മില്ല്യൺ കമ്പനികൾ ഇതിന്റെ ഭാഗമായി വന്നിട്ടുണ്ട്. നിലവിൽ ജോലി ചെയ്യുന്ന ഒരാൾ അവരുടെ പ്രൊഫൈലിനകത്ത് കമ്പനിയുടെ പേര് രജിസ്റ്റർ ചെയ്യുകയും ടി കമ്പനിയിൽ നിന്ന് മറ്റൊരു കമ്പനിയിലേയ്ക്ക് മാറുമ്പോൾ LinkedIn-ൽ അക്കാര്യം അപ്ഡേറ്റ് ചെയ്യുകയും ചെയ്യും. അത്തരം വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി LinkedIn പ്രസിദ്ധപ്പെടുത്തിയ റിപ്പോർട്ട് വളരെ ശ്രദ്ധേയമാണ്. LinkedIn-ന്റെ പ്രൊഫഷണലുകളുടെ സ്കിൽ ടാലന്റ് പൂളിന്റെ

കാര്യത്തിൽ കേരളം ഇപ്പോൾ ഒമ്പതാം സ്ഥാനത്താണ് നിൽക്കുന്നത്. LinkedIn-നകത്തുള്ള പ്രൊഫഷണലുകളുടെ ടാലന്റ് പൂളിലെ വളർച്ചാ നിരക്കിൽ കേരളം ഒമ്പതാം സ്ഥാനത്താണ് നിൽക്കുന്നതെങ്കിലും 172 ശതമാനമാണ് പ്രൊഫഷണലുകളുടെ കാര്യത്തിൽ കേരളത്തിന്റെ വളർച്ചാ നിരക്കെന്നത് അഭിമാനകരമാണ്, അക്കാര്യത്തിൽ കേരളം ഒന്നാം സ്ഥാനത്താണ്. ഗുജറാത്ത് 114 ശതമാനവും ഉത്തർപ്രദേശ് 134 ശതമാനവും മഹാരാഷ്ട്ര 101 ശതമാനവും കർണ്ണാടക 92 ശതമാനവും തെലങ്കാന 132 ശതമാനവുമാണ് ഗ്രോത്ത് റേറ്റ്. LinkedIn-ന്റെ ഈ സാമ്പത്തിക വർഷത്തെ കണക്ക് നോക്കുമ്പോൾ അവരുടെ പ്രൊഫൈലുകളിൽ വന്ന മാറ്റത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റവും പ്രധാനപ്പെട്ടത് 40000 പ്രൊഫഷണലുകൾ ലോകത്തിന്റെ പല ഭാഗത്തുനിന്നും കേരളത്തിലേയ്ക്ക് തിരിച്ച് വന്നിരിക്കുന്നുവെന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്. റിവേഴ്സ് മൈഗ്രേഷൻ ഇപ്പോൾ കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. യുണൈറ്റഡ് അറബ് എമിറേറ്റ്സിൽ നിന്ന് 9800 പേർ, സൗദി അറേബ്യയിൽ നിന്ന് 1600 പേർ, യുണൈറ്റഡ് കിങ്ഡ്ഡത്തിൽനിന്ന് 1600 പേർ, അമേരിക്കയിൽ

നിന്നുതന്നെ 1200 പ്രൊഫഷണലുകൾ, കർണ്ണാടകയിൽ നിന്ന് 7200 പേർ ഇപ്പോൾ കേരളത്തിലെ കമ്പനികളിലേയ്ക്ക് മാറിയിരിക്കുന്നതായിട്ടാണ് LinkedIn-റിപ്പോർട്ട് പറയുന്നത്. നല്ല രീതിയിൽ നമ്മുടെ നാട്ടിലേക്ക് റിവേഴ്സ് മൈഗ്രേഷൻ നടന്നുകൊണ്ടിരിക്കുന്നു. അതിൽ ശ്രദ്ധേയമായൊരു കാര്യമെന്നത് ഇങ്ങനെ വരുന്നവർ മൂന്നാമതായി തിരഞ്ഞെടുക്കുന്നത് entrepreneurship-ആണ്. അവിടെ പ്രൊഫഷണലുകളായിരുന്ന ആളുകൾ കേരളത്തിലേയ്ക്ക് മടങ്ങി വരുമ്പോൾ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി അവർ തയ്യാറാകുന്നുവെന്നതും ഇതിനകത്ത് വരുന്നുണ്ട്. എന്നാൽ യാഥാർഥ്യം കുറേക്കൂടി ഉയർന്നതായിരിക്കും. LinkedIn-ന് അകത്ത് അംഗങ്ങളായിട്ടുള്ളവരുടെ പ്രൊഫൈലിൽ വന്നിട്ടുള്ള മാറ്റത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള കണക്കാണ്. എന്നാൽ ഇതിൽ ഇല്ലാത്ത മെമ്പർമാരെക്കൂടി നോക്കുമ്പോൾ കേരളത്തിലേയ്ക്കുള്ള ഒരൊഴുക്കുണ്ടാകുന്നു. അത് ശക്തിപ്പെടുത്താൻവേണ്ടിയുള്ള എല്ലാ ശ്രമങ്ങളും ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്.

ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. നന്ദകുമാർ: സർ, കേരളത്തിലെ വ്യവസായ മേഖലയിൽ ശ്രദ്ധേയമായ നേട്ടങ്ങളുണ്ടാക്കിയ വകുപ്പിനെയും മന്ത്രിയെയും അഭിനന്ദിക്കുകയാണ്. വ്യവസായ വകുപ്പിന് നല്ല സഹായകരമാകുമെന്ന് പ്രഖ്യാപിച്ച കേന്ദ്രം വാഗ്ദാനം ചെയ്ത ഗിഫ്റ്റ് സിറ്റിയുടെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കൊറിഡോറിന്റെ ഭാഗമായി ഗിഫ്റ്റ് സിറ്റിയുടെ രണ്ട് നോഡുകളാണ് ആദ്യം അംഗീകരിച്ച് വന്നിരുന്നത്. ആദ്യത്തേത് പാലക്കാട് ഇൻഡസ്ട്രിയൽ സ്മാർട്ട് സിറ്റിയും രണ്ടാമത്തേത് ഗ്ലോബൽ സിറ്റിയുമാണ്. ആദ്യം പറഞ്ഞിരുന്നത് ഗിഫ്റ്റ് സിറ്റിയായിരുന്നു. പക്ഷേ, ഗിഫ്റ്റ് സിറ്റി (Gujarat International Finance Tec-City) ഗുജറാത്തിനുള്ളതുകൊണ്ട് ആ പേര് മാറ്റണമെന്ന് കേരളത്തോട് ആവശ്യപ്പെട്ടു. അതിന്റെ ഭാഗമായി ഗിഫ്റ്റ് സിറ്റി എന്ന പേര് മാറ്റി ഗ്ലോബൽ സിറ്റി എന്നാക്കി. തുടർന്ന്, കേന്ദ്രാനുമതിയോടുകൂടി അതിനാവശ്യമായ കൺസൾട്ടൻസിയെ നിയോഗിക്കുന്ന നടപടികളിലേയ്ക്ക്

സർക്കാർ കടന്നെങ്കിലും ഒരു ഘട്ടം കഴിഞ്ഞപ്പോൾ അത് ഹോൾഡ് ചെയ്യാൻ ആവശ്യപ്പെട്ടു. എന്നാൽ ഇപ്പോൾ പ്രസ്തുത പദ്ധതി തൽക്കാലത്തേയ്ക്ക് കേന്ദ്ര സർക്കാർ അംഗീകരിക്കുന്നില്ലെന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ കൊച്ചി-ബാംഗ്ലൂർ ഇൻഡസ്ട്രിയൽ കോറിഡോറിന്റെ ഭാഗമായി അതിവേഗതയിലാണ് സ്ഥലമേറ്റെടുത്ത് നൽകുകയും ടെൻഡർ നടപടികൾ പൂർത്തീകരിക്കുകയും ചെയ്തത്. ഇന്ത്യയിൽ ഏറ്റവും വേഗത്തിൽ അത്തരം കാര്യങ്ങളുമായി മുന്നോട്ടുപോയത് കേരളമാണെങ്കിലും ഗിഫ്റ്റ് സിറ്റി നിലവിലുള്ളതുകൊണ്ട് ആയത് സ്റ്റെബിലൈസ് ചെയ്യുന്നതുവരെ മറ്റൊന്നിനും അനുമതി നൽകില്ലെന്ന സ്റ്റാൻഡാണ് കേന്ദ്ര സർക്കാർ എടുത്തിരിക്കുന്നത്. ഗിഫ്റ്റ് സിറ്റിക്കാവശ്യമായ ഭൂമി കണ്ടെത്തി ഭൂവുടമകളുമായിട്ടുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ഏകദേശം പൂർത്തീകരിച്ചുകൊണ്ടിരുന്ന ഘട്ടത്തിലാണ് ഇങ്ങനെയൊരു പ്രശ്നം വന്നിട്ടുള്ളത്. എങ്കിൽപ്പോലും ആ പദ്ധതി പുതിയ തലത്തിൽ എങ്ങനെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നതിനെപ്പറ്റി ഗവൺമെന്റ് ഇപ്പോൾ പുതിയൊരു പ്രൊപ്പോസൽ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ പ്രത്യേകതയനുസരിച്ച്

വലിയൊരു മാനുഫാക്ചറിങ് സംരംഭം ആരംഭിക്കാൻ കഴിയില്ലെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. ഐ-ഫോൺ എവിടെയും നിർമ്മിക്കാൻ പറ്റും. പക്ഷേ, ഐ-ഫോണിന്റെ കോൺസപ്റ്റും ബ്രാൻഡിങ്ങും റിസർച്ച് & ഡെവലപ്മെന്റും എപ്പോഴും കാലിഫോർണിയയിൽ തന്നെയാണ്. എന്നാൽ മാനുഫാക്ചറിങ് ഇന്ത്യയിലോ വിയറ്റ്നാമിലോ ആഫ്രിക്കയിലോ അഫ്ഗാനിസ്ഥാനിലോ മറ്റേത് രാജ്യത്തേയ്ക്ക് വേണമെങ്കിലും മാറ്റാൻ കഴിയും. പത്തോ-പതിനഞ്ചോ ഡോളർ മാത്രമാണ് മാനുഫാക്ചറിങ് വാല്യൂ അഡിഷൻ വരുന്നത്. പ്രസ്തുത മാനുഫാക്ചറിങ് കമ്പനിയുടെ പ്രധാനപ്പെട്ട ഭാഗം നിലനിൽക്കുന്നത് കാലിഫോർണിയയിലാണ്. അത് റിസർച്ച് & ഡെവലപ്മെന്റ്, ഇന്നൊവേഷൻ എന്നീ മേഖലയാണ്. അവിടെയാണ് കേരളത്തിന്റെ കരുത്ത്. ഇന്ത്യയുടെ കാലിഫോർണിയയായി മാറാനും മറ്റ് സംസ്ഥാനങ്ങൾ മാസ് മാനുഫാക്ചറിങ് മേഖലയായി മാറാനുമുള്ളൊരു സാധ്യതയാണ് നമ്മൾ മുന്നിൽകാണുന്നത്. അതിന്റെ ഭാഗമായി ഗ്ലോബൽ സിറ്റി എന്നത് അത്തരമൊരു സംവിധാനമായി വികസിപ്പിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. ഭൂവുടമകളുമായി സംസാരിക്കുകയും

സർക്കാർ പുതിയ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. നമുക്ക് നെഗോഷിയേറ്റ് പർച്ചേസ് നടത്താം. പക്ഷേ, ഭൂവുടമകൾക്ക് കൊടുക്കാമെന്ന് പറഞ്ഞിട്ടുള്ള കാര്യങ്ങളൊക്കെ സംരക്ഷിച്ചുകൊണ്ട് അവരെക്കൂടി വിശ്വാസത്തിലെടുത്ത് സർക്കാർ സ്വന്തം നിലയിൽ ആ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുന്നതോടൊപ്പം തന്നെ യൂണിയൻ ഗവൺമെന്റിനോട് മറ്റ് സഹായങ്ങളില്ലെങ്കിലും ഗിഫ്റ്റ് സിറ്റിയുടെ അതേ സ്റ്റാറ്റസ് എന്നുപറഞ്ഞാൽ നിയമങ്ങളിൽ നിന്നുള്ളൊരു മാറ്റം കുറച്ചുകൂടി ജ്യൂറിസ്ഡിക്ഷൻ മാറുന്നത് അത്തരം കാര്യങ്ങൾ നൽകണമെന്നുള്ള പുതിയ കത്തും നൽകിയിട്ടുണ്ട്.

ശ്രീ. എച്ച്. സലാം: സർ, ശാസ്ത്രവളർച്ചയുടെ ഭാഗമായി ആധുനികമായ സൗകര്യങ്ങൾ സമൂഹത്തിൽ ഉൾച്ചേർക്കുകയെന്നത് പ്രധാനമാണ്. ഇത്തരം കാര്യത്തിൽ പ്രതിപക്ഷമൊരു നിഷേധ നിലപാട് സ്വീകരിക്കുന്നുവെന്ന് കാണാൻ കഴിയും. എ.ഐ. ക്യാമറയുമായി ബന്ധപ്പെട്ട് ബഹു.പ്രതിപക്ഷ നേതാവും മുൻ പ്രതിപക്ഷ നേതാവും നൽകിയ ഹർജിയിന്മേൽ ബഹു.

ഹൈക്കോടതിയുടെ വിധിയുണ്ടായിട്ടുണ്ട്. അതിന്റെ വിവരങ്ങൾ വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, എ.ഐ. ക്യാമറ കെൽട്രോണിന്റെ ഏറ്റവും പ്രധാനപ്പെട്ടൊരു പദ്ധതിയാണ്. കെൽട്രോണിന്റെ അഭിമാനകരമായൊരു പദ്ധതിയായി മാറി. നമ്മളെല്ലാവരും കാണേണ്ടത് സർക്കാരിന്റെ എല്ലാ വികസന നടപടികളെയും ഇങ്ങനെ ചോദ്യം ചെയ്യുന്നതല്ല പബ്ലിക് ഇന്ററസ്റ്റെന്ന് ബഹു. ഹൈക്കോടതി കൃത്യമായി ഈ വിധിയിൽ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മുൻ പ്രതിപക്ഷ നേതാവും നൽകിയ കേസാണ്. ആ കേസിലാണ് ഹൈക്കോടതി വിധി വന്നിട്ടുള്ളത്. ഞാൻ അവരെ കുറ്റപ്പെടുത്തുകയല്ല. നാം കാണേണ്ടത് അതിന്റെ ഭാഗമായി കുറച്ച് ബുദ്ധിമുട്ടുകളുണ്ടായി. മറ്റ് കരാറുകളിലേക്കും ടെൻഡറുകളിലേക്കും പോകുമ്പോൾ കെൽട്രോൺ കേസിൽ നിൽക്കുന്ന സ്ഥാപനമാണെന്ന ബുദ്ധിമുട്ടുകളുണ്ടായി. ബഹു. ഹൈക്കോടതി പറഞ്ഞിരിക്കുന്നത് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല കാരണം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും മുൻ പ്രതിപക്ഷ നേതാവും

പ്രത്യേകം പ്രത്യേകം നൽകിയിട്ടുള്ള കേസുകളാണ്. സാധാരണ ഒരുമിച്ച് നൽകിയെങ്കിൽ വക്കീൽ ഫീസെങ്കിലും ലാഭിക്കാമായിരുന്നു. പക്ഷേ, നിങ്ങൾ പ്രത്യേകം പ്രത്യേകം ശ്രീ. വി. ഡി. സതീശൻ, ശ്രീ. രമേശ് ചെന്നിത്തല രണ്ട് കക്ഷികളായിട്ടാണ് ഇതിനകത്ത് കാണുന്നത്. രണ്ട് കേസായിട്ടാണ് കാണുന്നത്. ഒറ്റ വക്കീലാണെങ്കിൽ നല്ലത്. ഒരു വാചകം മാത്രമേ ഞാൻ ഈ വിധിയിൽ ഞാൻ വായിക്കുന്നുള്ളൂ. ബാക്കി കാര്യങ്ങൾ അദ്ദേഹത്തിന് ബോധ്യപ്പെട്ടിട്ടുണ്ടാകും. ' The 90- page writ petition fails to pinpoint any specific instances of malafides or corruption, instead relying on general allegations' . അതായത്, മാലഫൈഡോ അഴിമതിയോ തെളിവിക്കുന്നതിനുള്ള ഒരു തെളിവുപോലും ഹാജരാക്കുന്നതിൽ 90 പേജുള്ള റിട്ട് ഹർജി പരാജയപ്പെട്ടിരിക്കുന്നുവെന്നും പൊതുവായിട്ടുള്ള ആരോപണങ്ങളല്ലാതെ മറ്റൊന്നുംതന്നെ ഇതിലില്ലെന്നാണ് ബഹുമാനപ്പെട്ട ചീഫ് ജസ്റ്റീസ് നേതൃത്വം നൽകുന്ന ഡിവിഷൻ ബഞ്ചിന്റെ ഈ വിധിന്യായത്തിൽ പറഞ്ഞിരിക്കുന്നത്. അത് ഉൾക്കൊണ്ടുകൊണ്ട് എന്ത് പദ്ധതികളിലും പ്രശ്നങ്ങളുണ്ടാകാം; അത് ഉന്നയിക്കാം; ചർച്ച ചെയ്യാം.

അനാവശ്യമായി വിവാദങ്ങൾ സൃഷ്ടിക്കാതിരിക്കുന്ന കാര്യത്തിൽ എല്ലാവരും ശ്രദ്ധിക്കുന്നത് ഉചിതമായിരിക്കും.

ശ്രീ. ഐ. ബി. സതീഷ്: സർ, ലോകത്തുതന്നെ ശ്രദ്ധേയരായ സംരംഭങ്ങളുടേയും സംരംഭകരുടേയും സാധ്യതയായി നമ്മുടെ കേരളം മാറിയിരിക്കുന്നു. സംസ്ഥാനത്തെ എം.എസ്.എം.ഇ.-കളെ സഹായിക്കുന്നതിനായി നിർമ്മിക്കുന്ന യൂണിറ്റി മാളിന്റെ നിർമ്മാണ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, യൂണിറ്റി മാൾ എന്നത് ഒരു കേന്ദ്ര പദ്ധതിയായി നമുക്ക് അനുവദിച്ച് കിട്ടിയതാണ്. അതിവേഗത്തിലാണ് അതിന്റെ നിർമ്മാണം പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നത്. തിരുവനന്തപുരത്താണ് ആ മാളുള്ളത്. ആ മാളിനകത്ത് എല്ലാ സംസ്ഥാനങ്ങളുടേയും വൺ ഡിസ്ട്രിക്റ്റ് വൺ പ്രോഡക്റ്റ് (ODOP) പ്രദർശിപ്പിക്കാനുള്ള സൗകര്യമുണ്ടാകും. ഇപ്പോൾ യൂണിയൻ ഗവൺമെന്റ് പ്രഖ്യാപിച്ച പദ്ധതിയിൽ ഏറ്റവും വേഗത്തിൽ നമ്മളാണ് മുന്നോട്ട്

പോയിട്ടുള്ളത്. ഫെബ്രുവരി മാസത്തിൽ തിരുവനന്തപുരത്തെ യൂണിറ്റ് മാൾ ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്നാണ് അറിയിക്കാനുള്ളത്.

ശ്രീ. ജോബ് മൈക്കിൾ: സർ, വ്യവസായരംഗത്ത് അങ്ങ് നടപ്പാക്കുന്ന വിപ്ലവകരമായ നല്ല പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ ചങ്ങനാശ്ശേരി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നാൽപ്പത് വർഷത്തിൽ കൂടുതലായി സംരംഭകർ അനുഭവിച്ചുവരുന്ന വസ്തുസംബന്ധമായ ഉടമസ്ഥാവകാശ തർക്കത്തിൽ അങ്ങും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയും ഇടപെട്ട് 26 അഖിലേന്ത്യ സംരംഭങ്ങൾക്ക് പരിഹാരമുണ്ടാക്കിക്കൊടുത്തു. ഇനി ബാക്കി നിൽക്കുന്ന ഏതാനും സംരംഭങ്ങൾകൂടി പ്രശ്നപരിഹാരമുണ്ടാക്കുവാൻ അങ്ങ് അടിയന്തരമായ ഇടപെടൽ നടത്തുമോ; ആ പ്രശ്നം പരിഹരിച്ച് അങ്ങ് നേരിൽ വന്ന് സംരംഭകർക്ക് രേഖകൾ നൽകാൻ തയ്യാറാകുമോ?

ശ്രീ. പി. രാജീവ്: സർ, ഒരാളും നേരിൽ വരാതെതന്നെ രേഖകൾ ഓൺലൈനായി കൊടുക്കാനുള്ള സംവിധാനങ്ങളാണ് സർക്കാർ ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. മുൻമന്ത്രികൂടിയായ ശ്രീ.കെ.ബാബു

Uncorrected/Not for publication
17-09-2025

(തൃപ്പൂണിത്തുറ) ഉൾപ്പെടെ പല ഘട്ടത്തിലും ലാൻഡ് ഓണർഷിപ്പിന്റെ പ്രശ്നം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ബഹുമാന്യനായ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ സഹായത്തോടെ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ യോഗങ്ങളുടെ അടിസ്ഥാനത്തിൽ അത് നമുക്ക് പരിഹരിക്കാൻ കഴിഞ്ഞു. ഇപ്പോൾ, ഇരുപത്തിയയ്യായിരം രൂപ അടച്ചുകഴിഞ്ഞാൽ ഓണർഷിപ്പ് മാറാൻ കഴിയും. പതിനായിരം രൂപ അടച്ചു കഴിഞ്ഞാൽ ആക്ടിവിറ്റി മാറാൻ കഴിയും. എന്നാൽ, ചിലതിൽ കേസുകൾ നിലനിൽക്കുന്നുണ്ട്. കേസുകൾ നിലനിൽക്കുന്നവയുടെ കാര്യത്തിൽ കോടതിയുടെ അനുമതിയോടുകൂടി പരിഹരിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക ടീം ഇപ്പോൾ ഡയറക്ടേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഒരു ജി.പി.യെ ബഹുമാന്യനായ അഡ്വക്കേറ്റ് ജനറൽ അനുവദിച്ചിട്ടുണ്ട്. ആ കാര്യംകൂടി നമുക്ക് തീർപ്പാക്കാൻ കഴിഞ്ഞാൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ എല്ലാ ഭൂമിയിലും വ്യവസായങ്ങൾ പ്രവർത്തിക്കുന്നുവെന്ന സ്ഥിതി ഉറപ്പുവരുത്താൻ കഴിയും.

Uncorrected/Not for publication
17-09-2025

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ന്യൂ ജനറേഷൻ സ്കീമുകളെക്കുറിച്ചും പുതുതായി വന്നിട്ടുള്ള ഇന്നവേറ്റീവായിട്ടുള്ള കാര്യങ്ങളെക്കുറിച്ചും പറഞ്ഞു. നമ്മുടെ നാട്ടിൽ പരമ്പരാഗതമായി വ്യവസായങ്ങൾ നടന്നുവരുന്ന സ്ഥലങ്ങളുണ്ട്. എന്റെ നിയോജകമണ്ഡലത്തിലുള്ളവയെ സംബന്ധിച്ച് ഞാൻ അങ്ങയുടെതന്നെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എല്ലാം വ്യവസായങ്ങളും അടച്ചുപൂട്ടലിന്റെ ഭീഷണിയിലാണ്. പുതിയവ നമുക്ക് കൊണ്ടുവരണം. അതിനുവേണ്ടിയുള്ള മുഴുവൻ ആക്ടിവിറ്റീസും നടത്തണം. നമ്മുടെ വരുംതലമുറകൾക്ക് പുതിയ ചാൻസ് കൊടുക്കുകയും വേണം. പക്ഷേ, പണ്ട് മുതലേ നന്നായി പ്രവർത്തികൊണ്ടിരിക്കുന്ന എത്ര സ്ഥാപനങ്ങൾ ഇപ്പോൾ തുറന്ന് അതേ രൂപത്തിൽ പ്രവർത്തിക്കുന്നുണ്ട്; ലാഭകരമാക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും നടപടിയെടുക്കുമോ? ട്രാവൻകൂർ സിമെന്റ്സിനെക്കുറിച്ച് ഒരു പ്രത്യേക കാര്യമായികൂടി ഞാൻ ചോദിക്കുകയാണ്.

ശ്രീ. പി. രാജീവ്: സർ, അങ്ങ് എപ്പോഴും ഉന്നയിക്കുന്ന ഒരു പ്രശ്നമാണ് ട്രാവൻകൂർ സിമെന്റ്സിനെ സംബന്ധിച്ച്. അങ്ങേയ്ക്ക് അറിയാവുന്നതുപോലെ

നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള കാഴ്ചപ്പാട് മാറ്റുന്നതിനുള്ള ഒരു നല്ല ശ്രമം നടന്നിരുന്നു. സർക്കാരിന്റെ ഒരു വകുപ്പല്ല പൊതുമേഖലാ സ്ഥാപനങ്ങൾ. ശക്തിപ്പെടുത്തി, ലാഭകരമാക്കി, മത്സരക്ഷമമാക്കി മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്. അതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ഇപ്പോൾ പ്രവർത്തനം മെച്ചപ്പെടുത്തികഴിഞ്ഞുവെന്ന് ഞാൻ ഈ സഭയിൽ അഭിമാനത്തോടുകൂടി പറയുന്നു. വ്യവസായ വകുപ്പിന്റെ കീഴിലുള്ള 24 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലേക്ക് വന്നു. നഷ്ടത്തിലുള്ള സ്ഥാപനങ്ങളുടെ നഷ്ടം കുറച്ചു, ടേൺ ഓവർ കൂടി. അതുപോലെതന്നെ, പുതിയ റിക്രൂട്ട്മെന്റ് സംവിധാനങ്ങൾ നമ്മൾ ഏർപ്പെടുത്തി. 1250 കോടി രൂപ ടേൺ ഓവറുള്ള വലിയ സ്ഥാപനമായി കേരളത്തിന്റെ കെൽട്രോൺ ഗ്രൂപ്പ് മാറിയിരിക്കുന്നുവെന്നത് അഭിമാനകരമാണ്. ട്രാവൻകൂർ സിമെന്റ്സ് അങ്ങേക്ക് അറിയാവുന്നതുപോലെ, കുറച്ച് പ്രതിസന്ധിയുള്ള സ്ഥാപനമാണ്. അത് മെച്ചപ്പെടുത്തുന്നതിന് പുതിയ മാനേജിംഗ് ഡയറക്ടറെ റിക്രൂട്ട്മെന്റ് ബോർഡ് വഴി വളരെ ട്രാൻസ്പരന്റായിതന്നെ നിയമിച്ചിട്ടുണ്ട്. എല്ലാ ട്രേഡ്

യൂണിയനുകളുടേയും അനുമതിയോടുകൂടി അതിന്റെ സ്ഥലം വില്പനയ്ക്കുള്ള ശ്രമം നടന്നിരുന്നു. അത് കുറച്ച് മുന്നോട്ടുപോയെങ്കിലും കോടതി നടപടികൾമൂലം കുറച്ച് വൈകിയിട്ടുണ്ട്. അതിനാൽ പുതിയ മാറ്റങ്ങൾ, ഇപ്പോഴുള്ള സ്ഥലംകൂടി ഉപയോഗിച്ചുകൊണ്ട് ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകാനാണ് സർക്കാർ ശ്രമിക്കുന്നത്. അങ്ങ് അതിന് നൽകുന്ന എല്ലാ പിന്തുണയ്ക്കും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ഒരു കിൻഫ്രാ പാർക്ക് പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മിനിസ്റ്റർ അതിന് നൽകുന്ന ശ്രദ്ധയെ ഞാൻ നന്ദിയോടെ ഓർക്കുന്നു. ലോകബാങ്ക് സഹായത്തോടുകൂടി ഫുഡ് പാർക്ക് സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ടെന്ന് അറിഞ്ഞു. എത്രയും പെട്ടന്ന് അത് പ്രാവർത്തികമാക്കാൻ അങ്ങയുടെ നടപടിയുണ്ടാകുമോ?

ശ്രീ. പി. രാജീവ്: സർ, മട്ടന്നൂർ ഉൾപ്പെടെ, കേരളത്തിന്റെ ഇപ്പോഴത്തെ വ്യവസായ മുന്നേറ്റത്തിന്റെ പ്രധാന സവിശേഷത എല്ലാ ഭാഗത്തും പ്രതിഫലിക്കുന്നുവെന്നുള്ളതാണ്. ബഹുമാന്യനായ അംഗം ശ്രീ.

എ. കെ. എം. അഷ്റഫ് ഇപ്പോൾ സഭയിലില്ല. അനന്തപുരത്തിൽ ഒട്ടും സ്ഥലമില്ലെന്ന് ഇന്നലെ അദ്ദേഹം പറയുകയുണ്ടായി. അദ്ദേഹം നിരാഹാരത്തിലല്ല, സത്യാഗ്രഹത്തിലാണ്. അങ്ങേയ്ക്കും ഇക്കാര്യം അറിയാവുന്നതാണ്. കണ്ണൂരിലെയും തലശ്ശേരിയിലെയും വികസന പ്രവർത്തനങ്ങളിൽ അങ്ങ് നന്നായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്. കൂത്തുപറമ്പിൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ഇനിഷേറ്റീവ് എടുത്ത് ആരംഭിച്ച ആ മേഖലയിൽ ഇപ്പോൾ നമ്മൾ എസ്.ഡി.എഫ്. പൂർണ്ണമായും അലോട്ട് ചെയ്യാൻ കഴിഞ്ഞു. മറ്റ് ഫുഡ് പ്രോസസിങ് പാർക്കുകൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യുകയാണ്. എല്ലാ ജില്ലയിലും വികസനമെന്ന കാഴ്ചപാടാണ് നമുക്കുള്ളത്. കണ്ണൂർ, കോഴിക്കോട്, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകൾക്കായി കെ.എസ്.ഐ.ഡി.സി.-യുടെ നോഡൽ ഓഫീസ് കോഴിക്കോട് ആരംഭിച്ചു. കേരളത്തിൽ കെ.എസ്.ഐ.ഡി.സി. ഏറ്റവും കൂടുതൽ ലോൺ നൽകിയിട്ടുള്ളത് ആ നോഡൽ ഓഫീസ് വഴിയാണ്. അതുപോലെതന്നെ കിൻഫ്രയുടെ പ്രത്യേകമായ ഒരു ഓഫീസ് മട്ടന്നൂർ ഓഫീസ് നോർത്തേൺ

മേഖലയിലേക്ക് മാറ്റിയിട്ടുണ്ട്. ടീച്ചർ പറഞ്ഞ പദ്ധതി കേന്ദ്ര സഹായത്തോടുകൂടി നടപ്പിലാക്കാൻ സർക്കാൻ ശ്രമിക്കുന്നതായിരിക്കും.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, റിവേഴ്സ് മൈഗ്രേഷൻ മുഴുവൻ വളരെ വലിയ നേട്ടമാണെന്നുള്ള തെറ്റിദ്ധാരണയൊന്നും വ്യവസായ വകുപ്പുമന്ത്രിക്കുണ്ടാകില്ലായെന്ന് ഞാൻ വിചാരിക്കുകയാണ്. കാരണം, സൗദി അറേബ്യയിലെ സ്വദേശിവൽക്കരണവും അതുപോലെതന്നെ, എ.ഐ. ടെക്നോളജി വന്നപ്പോൾ അമേരിക്കയിലുള്ള അവസരനഷ്ടവും ആളുകളെ തിരിച്ചുവരാൻ നിർബന്ധിതരാക്കുന്നുണ്ട്. ഇവിടെ വന്ന് അവർക്കുള്ള എക്സ്പീരിയൻസ് ഉപയോഗിച്ച് എന്തെങ്കിലും സംരംഭം തുടങ്ങുകയാണ് ചെയ്യുന്നത്. ഞാൻ നെഗറ്റീവായി പറയുന്നതല്ല. പക്ഷേ അതിനെ ഒരു കൺസീവിഡ് എഫർട്ടാക്കി നമ്മൾ എന്തെങ്കിലും ചെയ്യാൻ നോക്കുകയല്ലാതെ, ഈ റിവേഴ്സ് മൈഗ്രേഷൻ മുഴുവൻ വളരെ നല്ലൊരു കാര്യമാണെന്ന് കരുതുന്നില്ലായെന്ന് കരുതുകയാണ്. LinkedIn-ന്റെ ഒരു സ്റ്റാറ്റിസ്റ്റിക്സ് മാത്രമാണ്. അതിൽ തിരിച്ചുവരുന്ന ആളുകളുടെ കണക്ക് ഒരുപക്ഷെ നമുക്കത്ര പോസിറ്റീവ് സൈനല്ല, അലാമിംഗ് ആണ്. ഫോറിൻ

റെമിറ്റൻസ് കുറയുന്നത് നമ്മൾ കാണുന്നുണ്ടല്ലോ; അവസരനഷ്ടംകൊണ്ട് ആളുകൾ നിവർത്തിയില്ലാതെ തിരിച്ചുവന്ന് ഇവിടെ എന്തെങ്കിലും തുടങ്ങുകയാണ് ചെയ്യുന്നത്. അതിനർഥം അതിനെ അവസരമാക്കിയെടുക്കാൻ നമ്മൾ ശ്രമിക്കണ്ട എന്നല്ല. ഒരു നേട്ടമായി കാണുന്നില്ലായെന്ന് വിചാരിക്കുകയാണ്.

ശ്രീ. പി. രാജീവ്: സർ, അത് കാഴ്ചപ്പാടിന്റെ ഒരു വ്യത്യാസമാണ്. അങ്ങും കാര്യങ്ങൾ സൂക്ഷ്മമായി നോക്കുന്ന ഒരാളാണ്. ജോലി നഷ്ടപ്പെട്ട് തിരിച്ച് വരുന്നതല്ല. ലിങ്ക്ഡ്ഇൻ പ്ലാറ്റ്ഫോം പരിചിതമായ ആളുകൾക്ക് അറിയാമല്ലോ; പ്രൊഫഷണലായിട്ടുള്ള പ്ലാറ്റ്ഫോമാണ്. അവർ അതിൽ പ്രൊഫൈൽ അപ്ഡേറ്റ് ചെയ്യും. അമേരിക്കയിലെ ഐ.ബി.എം.-ൽ ജോലി ചെയ്യുന്ന ഒരാൾ കേരളത്തിലെ ഐ.ബി.എം.-ലേക്ക് മാറിയാൽ കേരളത്തിലേക്ക് മാറ്റം ചെയ്യും. അങ്ങനെ മാറിയത് മാത്രമാണ്. ഇത് തൊഴിൽ നഷ്ടപ്പെട്ട് വന്നവരല്ല. അതാണ് ഞാൻ പറഞ്ഞത്, യഥാർഥത്തിലുള്ള റിവേഴ്സ് മൈഗ്രേഷൻ ഇതിനേക്കാൾ കൂടുതലായിരിക്കും. ലിങ്ക്ഡ്ഇൻ സ്റ്റാറ്റിസ്റ്റിക്സ് മാത്രമാണ്. ഞാൻ ഐ.ബി.എം.-ന്റെ

വാർഷികത്തിന് പോയപ്പോൾ മൂവായിരത്തോളം വരുന്ന ആളുകളുണ്ട്. അതിൽ റിവേഴ്സ് മൈഗ്രേഷൻ മുപ്പത് ശതമാനമാണ്. ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്നുള്ള ആളുകൾ അവിടെത്തെ ജോലിയിൽനിന്ന് ഐ.ബി.എം.-ലേക്ക് മാറിയത് മുപ്പത് ശതമാനമാണ്. അത് നമ്മൾ നിരാശപ്പെടേണ്ട കാര്യമില്ലല്ലോ; അത് നല്ലൊരു കണക്കാണ്. നാം കാണേണ്ടത്, അങ്ങ് പറഞ്ഞ ഒരു ഭാഗം ശരിയാണ്, സൗദി അറേബ്യ മാത്രമല്ല. ജിയോപൊളിറ്റിക്കൽ സിറ്റുവേഷൻ എന്നുള്ളത് വളരെ പെട്ടെന്ന് വിസ നിയമങ്ങൾ മാറുകയും പ്രശ്നങ്ങൾ വരികയും ഒരിടത്തും തുടർച്ചയായി നിൽക്കാൻ കഴിയാതെ പുതിയ സാഹചര്യങ്ങൾ വരുന്നതുമാണ്. ആ സാഹചര്യം മനസ്സിലാക്കി നമ്മൾ ചെയ്യേണ്ടത്, അങ്ങനെ അവിടത്തെ തൊഴിൽ നഷ്ടപ്പെടാൻ ഇടയുള്ളവരോ തിരിച്ചുവരാൻ ഇടയുള്ളവരോ വരുമ്പോൾ നമ്മളുടെ ടാലന്റ് പൂൾ വികസിതമാകുകയും നമുക്കൊരു സ്ട്രെങ്ത് ലഭിക്കുകയും ചെയ്യും. ഇത്ര എക്സ്പീരിയൻസ്ഡായ പ്രൊഫഷണൽസ് കേരളത്തിലേക്ക് വരുമ്പോൾ ലോകത്തിൽ ഇപ്പോൾ വ്യവസായ മൂലധനം ഒഴുകിനടക്കുന്നത് പശ്ചാത്തല സൗകര്യത്തെക്കാൾ അപ്പുറത്തേക്ക്

ഇന്നവേഷൻ ടാലന്റ് പൂളാണ്. ഈ ടാലന്റ് പൂൾ ഇവിടെയുള്ളപ്പോൾ പുതിയ അവസരങ്ങളിലേക്ക് കമ്പനികൾ ഇങ്ങോട്ട് വരികയും മൂലധനം വരികയും ചെയ്യും. അതിനെ വളരെ പോസിറ്റീവായി ഉപയോഗിക്കാൻ നമുക്ക് ഒന്നിച്ച് ശ്രമിക്കാമെന്നാണ് സൂചിപ്പിക്കാനുള്ളത്.

**വ്യവസായ സംരംഭങ്ങൾ കൂടുതൽ ആകർഷകമാക്കാൻ നടപടി**

4(*34) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ കൂടുതൽ ആകർഷകമാക്കാൻവേണ്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) 2021-2022 വർഷത്തിൽ ആരംഭിച്ച ഒരു ലക്ഷം സംരംഭം പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(സി) മിഷൻ 1000 പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തേക്ക് കൂടുതൽ വ്യവസായങ്ങൾ ആകർഷിക്കുന്നതിനുവേണ്ടി ഭൂമിയുടെ ലഭ്യത ഉറപ്പുവരുത്തുവാൻ ആവിഷ്കരിച്ച പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്ക്, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് എന്നീ പദ്ധതികളുടെ പുരോഗതി വിശദമാക്കാമോ;

(ഇ) വ്യവസായ വകുപ്പിനുകീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭകർക്ക് ഭൂമി അനുവദിച്ച് നൽകുന്നതിനുള്ള നടപടിക്രമം ലളിതമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) 2022-23 സാമ്പത്തിക വർഷം ആരംഭിച്ച സംരംഭകവർഷം പദ്ധതി തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെയാണ് വ്യവസായ വകുപ്പ് നടപ്പാക്കിയത്. സംരംഭക വർഷവുമായി ബന്ധപ്പെട്ട വിവിധ പദ്ധതികളുടെ നടത്തിപ്പിനായി എന്റർപ്രൈസസ് ഡെവലപ്മെന്റ് എക്സിക്യൂട്ടീവുകളെ

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നിയമിച്ചിരുന്നു. കൂടാതെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും സംരംഭക ഹെൽപ്പ് ഡെസ്കുകൾ ഇതിന്റെ ഭാഗമായി സ്ഥാപിച്ചിട്ടുണ്ട്. ഹെൽപ്പ് ഡെസ്കുകൾ സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ അതത് തദ്ദേശസ്ഥാപനങ്ങളാണ് ഒരുക്കിയിരിക്കുന്നത്. സംരംഭകർക്കുള്ള പൊതു ബോധവൽക്കരണ പ്രോഗ്രാമുകൾ, ലോൺ/ലൈസൻസ്/ലോൺ സബ്സിഡി മേളകൾ എന്നിവ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തോടെയും വ്യവസായ വകുപ്പിന്റെ ഏകോപനത്തോടെയും നടത്തിയിരുന്നു. കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി വളർത്തിയെടുക്കുന്നതിന് വ്യവസായ വകുപ്പ് നടപ്പാക്കിവരുന്ന സംരംഭകത്വ പ്രോത്സാഹന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ സംരംഭകരിലേക്കും പൊതുജനങ്ങളിലേക്കും നേരിട്ടെത്തിക്കുവാൻ 2023-2024 സാമ്പത്തിക വർഷം എന്റർപ്രണർഷിപ് ഫെസിലിറ്റേഷൻ ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നു. സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഓരോ പഞ്ചായത്തിലും ശരാശരി

250-ൽപരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംരംഭങ്ങൾക്ക് കൂടുതൽ ഉത്തേജനം പകരുവാൻവേണ്ടി സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും രൂപീകരിച്ച പുതിയ സംരംഭങ്ങളുടെയും അതിനു മുൻപ് മുതൽക്കേ പ്രവർത്തിച്ച് പോരുന്ന സംരംഭങ്ങളുടെയും പ്രതിനിധികളുടെ ഒരു യോഗം "സംരംഭകസഭ" എന്ന പേരിൽ സംഘടിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ വ്യവസായ-വാണിജ്യ വകുപ്പും തദ്ദേശസ്വയംഭരണ വകുപ്പും ചേർന്ന് നടത്തുന്ന ഒരു സംയുക്ത പദ്ധതിയാണ് ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം (OLOP) പദ്ധതി. ആഗോള വിപണിയിൽ തനതായ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനും പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ തിരിച്ചറിയുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

(ബി) 2022-23 സംരംഭകവർഷമായി കേരള സർക്കാർ പ്രഖ്യാപിച്ചിരുന്നു. സംരംഭകവർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെ തൊഴിൽ സൃഷ്ടിക്കുവാനുള്ള ഒരു

ബൃഹത്തായ പദ്ധതിക്ക് തദ്ദേശസ്വയംഭരണം, സഹകരണം, ഫിഷറീസ്, മൃഗസംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിട്ടിരുന്നു. ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിൽ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള കാലയളവിൽ 139839 പുതിയ സംരംഭങ്ങൾ രജിസ്റ്റർചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 8421.64 കോടി രൂപയുടെ നിക്ഷേപവും 300049 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

ഈ പദ്ധതിയുടെ തുടർച്ചയെന്നോണം നടപ്പാക്കിയ സംരംഭക വർഷം 2.0 പദ്ധതിയുടെ ഭാഗമായി 2023 ഏപ്രിൽ 1 മുതൽ 2024 മാർച്ച് 31 വരെയുള്ള കാലയളവിൽ 103596 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 7048.656 കോടി രൂപയുടെ നിക്ഷേപവും 218179 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. തുടർന്ന്, 2024-2025 സാമ്പത്തിക വർഷം സംരംഭക വർഷം 3.0 എന്നപേരിൽ പദ്ധതി നടപ്പാക്കുകയും 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ 109692 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിന്റെ

ഭാഗമായി സംസ്ഥാനത്ത് 7217.83 കോടി രൂപയുടെ നിക്ഷേപവും 231468 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 2022 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ 353127 പുതിയ സംരംഭങ്ങൾ രജിസ്റ്റർ ചെയ്തു. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് 22688.47 കോടി രൂപയുടെ നിക്ഷേപവും 749712 പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു.

(സി) കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളിൽനിന്നും തിരഞ്ഞെടുക്കുന്ന 1000 സംരംഭങ്ങളെ നാല് വർഷത്തിനുള്ളിൽ ശരാശരി 100 കോടി വിറ്റുവരവുള്ള സംരംഭങ്ങളായി മാറ്റുകയെന്ന ലക്ഷ്യത്തോടെയാണ് കേരള സർക്കാരിന്റെ സ്കെയിൽ അപ്പ് മിഷൻ പദ്ധതിയായ മിഷൻ 1000 പദ്ധതി നടപ്പാക്കുന്നത്.

വസ്തുനിഷ്ഠവും സുതാര്യവുമായ തിരഞ്ഞെടുപ്പ് സംവിധാനത്തിലൂടെയാണ് സംരംഭങ്ങളെ മിഷൻ 1000 പദ്ധതിയിലേക്ക് തിരഞ്ഞെടുക്കുന്നത്. നിലവിൽ 376 സംരംഭങ്ങളെ ഈ പദ്ധതിയിലേക്ക് തിരഞ്ഞെടുത്തിട്ടുണ്ട്.

നിലവിലുള്ള വിവിധ എം.എസ്.എം.ഇ.-കളിൽ "സൂക്ഷ്മ സംരംഭങ്ങളെ ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളെ ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള ഈ പദ്ധതിയുടെ നടത്തിപ്പിനായി 2025-26 സാമ്പത്തിക വർഷത്തേക്ക് 2851-00-102-07-01-34-3(P) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 30 കോടി രൂപ ചെലവഴിക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തു. പദ്ധതിയുടെ "വിപുലീകരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ ഫീസ് റീ ഇംബേഴ്സ് ചെയ്ത് നൽകാൻ ആദ്യ ഗഡുവായി കൊല്ലം, കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകൾക്ക് ഫീസ് ഇനത്തിൽ ചെലവായ 24,72,005/- രൂപ (ഇരുപത്തി നാല് ലക്ഷത്തി എഴുപത്തി രണ്ടായിരത്തി അഞ്ച് രൂപ മാത്രം) വിതരണം ചെയ്തിട്ടുമുണ്ട്.

(ഡി) സംസ്ഥാനത്തേക്ക് കൂടുതൽ വ്യവസായങ്ങൾ ആകർഷിക്കുന്നതിനുവേണ്ടി ഭൂമിയുടെ ലഭ്യത ഉറപ്പുവരുത്താൻ ആവിഷ്കരിച്ച പ്രൈവറ്റ് ഇൻഡസ്ട്രിയൽ പാർക്ക്, ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് എന്നീ പദ്ധതികളുടെ പുരോഗതി ചുവടെ ചേർക്കുന്നു.

സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി

വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ ഭൂമിയുടെ ദൗർലഭ്യം എന്ന കുറവ് പരിഹരിച്ച് വ്യവസായ വികസനത്തിന് കുതിപ്പ് നൽകാൻ പാകത്തിലും സംസ്ഥാനത്തെ യുവാക്കൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യവും ആയതിനൊപ്പം വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപം നേടുന്നതിനും സർക്കാർ പ്രായോഗിക തലത്തിൽ പരിഷ്കരിച്ച നയത്തിന്റെ ഭാഗമായി 02-04-2022-ലെ GO (MS) 31/2022/ID നമ്പർ ഉത്തരവ് പ്രകാരം സ്വകാര്യ വ്യവസായ എസ്റ്റേറ്റ് പദ്ധതി നിലവിൽ വന്നിട്ടുണ്ട്. ടി പദ്ധതി പ്രകാരം നിലവിൽ 37 സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പാലക്കാട്, ഇടുക്കി, കണ്ണൂർ, എറണാകുളം എന്നീ ജില്ലകളിലായി ഇതിനോടകം 8 സ്വകാര്യ വ്യവസായ പാർക്കുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി

വ്യവസായ ആവശ്യത്തിനായി സ്ഥലലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ

സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതുവഴി വിദ്യാർഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്താനും വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്താനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന നവീന പദ്ധതിയാണ് ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് പദ്ധതി. ആയതിന്റെ പദ്ധതി മാർഗരേഖ 29-2-24 ലെ സ.ഉ (കൈ) നമ്പർ 16/2024 പ്രകാരം നിലവിൽവന്നിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉൽപന്നങ്ങളുടെ വ്യാവസായിക ഉൽപാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ ആവിഷ്കരിക്കുന്നതിന് കഴിയുന്നതാണ്.

ക്യാമ്പസ് വ്യവസായ പാർക്ക് പദ്ധതിക്കായി പോർട്ടൽ വഴി അപേക്ഷ സ്വീകരിക്കുകയും 25 അപേക്ഷകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ അപേക്ഷകൾ പരിശോധിച്ചതിൽനിന്നും ന്യൂനതകൾ പരിഹരിച്ച്

ഇതുവരെയായി 3 കോളേജുകൾക്ക് ഡെവലപ്പർ പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. 7 കോളേജുകൾക്കുകൂടി പെർമിറ്റ് അനുവദിക്കുന്നതിന് കഴിഞ്ഞ സ്റ്റേറ്റ് ലെവൽ കമ്മിറ്റി മീറ്റിങ്ങിൽ തീരുമാനമായിട്ടുണ്ട്.

(ഇ) വ്യവസായ വകുപ്പിന് കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളിൽ സംരംഭകർക്ക് ഭൂമി അനുവദിച്ച് നൽകുന്നതിനുള്ള നടപടിക്രമം ലളിതമാക്കുന്നതിനായി ഏകീകൃത ലാന്റ് റൂൾ 11-12-2023-ലെ G.O.(P) No. 309/2023/RD പ്രകാരം നിലവിൽവന്നു.

പഴയ ലാൻഡ് റൂൾ പ്രകാരം ഉൽപാദനം ആരംഭിച്ച് മൂന്നുവർഷം കഴിഞ്ഞാൽ മാത്രമെ ഘടനാ മാറ്റവും ഭൂമി കൈമാറ്റവും നടത്തുന്നതിന് സംരംഭകന് കഴിയുമായിരുന്നുള്ളൂ. എന്നാൽ പുതിയ ലാൻഡ് റൂൾ പ്രകാരം അലോട്ട്മെന്റ് ലഭിച്ച് 3 വർഷം കഴിഞ്ഞാൽ ഘടനാ മാറ്റവും ഭൂമി കൈമാറ്റവും നടത്താവുന്നതാണ്.

പുതിയ റൂൾ പ്രകാരം ഭൂമി കൈമാറ്റത്തിനും ഘടനാ മാറ്റത്തിനും 25000 രൂപ വീതവും ഉൽപ്പന്ന/പ്രവർത്തന മാറ്റത്തിന് 1000 രൂപ മാത്രം അടച്ചാൽ മതിയാകും. (കൈമാറ്റം ചെയ്ത് ഒരു വർഷത്തിനുശേഷവും സംരംഭ

പ്രവർത്തനം ആരംഭിച്ചില്ലെങ്കിൽ ഭൂമി തിരിച്ചെടുക്കുമ്പോൾ നൽകേണ്ട പിഴതുക ₹3000/day എന്നതിൽനിന്നും കുറവ് ചെയ്ത് 250/are/day എന്ന് മാറ്റി. കൂടാതെ 2013 മുതൽ പ്രാബല്യത്തിലുണ്ടായിരുന്ന ലീസ് വ്യവസ്ഥയിൽ ഭൂമി അനുവദിക്കുന്നത് ഹയർ പർച്ചേസ് വ്യവസ്ഥയിലേക്ക് മാറ്റി.

2023-ലെ ലാൻഡ് അലോട്ട്മെന്റ് റൂൾ പ്രകാരം ജില്ലാ കളക്ടർക്ക് പട്ടയം അപേക്ഷ പരിഗണിക്കുന്നതിന് തടസ്സമില്ല. തന്മൂലം പട്ടയം അനുവദിക്കുന്നതിന് നേരിടുന്ന കാലതാമസം ഒഴിവാക്കാൻ കഴിയും.

കെ.എസ്.ഐ.ഡി.സി., കിൻഫ്ര എന്നിവയുടെ ലാൻഡ് അലോട്ട്മെന്റിനായി ഏകീകൃത മാർഗ നിർദ്ദേശങ്ങൾ 28-07-2024-ലെ സ.ഉ (കൈ) 39/2024/വ്യവ. പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

വ്യവസായം ആരംഭിക്കുന്നതിനാവശ്യമായ എല്ലാ രേഖകളും അംഗീകാരങ്ങളും സന്നദ്ധതകളും നേടുന്നതിന് KSWIFT പോർട്ടൽ വഴിയോ നേരിട്ടോ അപേക്ഷിക്കാവുന്നതാണ്. അത് മുഴുവനായുള്ള അംഗീകാരങ്ങൾ ലഭിക്കുന്നതിന് ഉപയോഗപ്രദമാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, മൂന്നാംലോക രാജ്യങ്ങളെ ഭയപ്പെടുത്തി തങ്ങളുടെ വരുതിയിൽ നിർത്താൻ ശ്രമിക്കുന്ന അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപുമായി ചങ്ങാത്തമുണ്ടായിട്ടും ശ്രീ. നരേന്ദ്ര മോദി ഭരിക്കുന്ന ഇന്ത്യയ്ക്ക് അമ്പത് ശതമാനമാണ് തീരുവ. അതിന്റെ ഭാഗമായി കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിലുണ്ടാകുന്ന പ്രതിസന്ധികളെ തരണം ചെയ്യാൻ അങ്ങ് നടത്തുന്ന പ്രവർത്തനങ്ങളെ അഭിനന്ദിക്കുന്നു. സംസ്ഥാന സർക്കാർ സംഘടിപ്പിച്ച ആഗോള നിക്ഷേപസംഗമം - ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ ലഭ്യമായ നിക്ഷേപ വാഗ്ദാനങ്ങൾ നടപ്പാക്കാൻ സർക്കാർ സ്വീകരിച്ച നടപടികളും പുരോഗതിയും വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് കേരളത്തെ സംബന്ധിച്ച് ഏറെ അഭിമാനകരമായ ഒരു സംഗമമായിരുന്നു. അതിന് മുന്നോടിയായി ധാരാളം പരിപാടികൾ സംഘടിപ്പിച്ചു. അതിനുശേഷം എല്ലാ ബുധനാഴ്ചയും വ്യവസായ വകുപ്പുമന്ത്രികൂടി പങ്കെടുത്തുകൊണ്ട് റിവ്യൂ നടന്നുവരുന്നു. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ

ഫ്ലാഗ്ഷിപ്പ് പ്രോജക്റ്റിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മാസത്തിൽ റിവ്യൂ നടത്തുന്നുണ്ട്. ഇതുകൂടാതെ ഇൻവെസ്റ്റർ കമ്മ്യൂണിറ്റിയെക്കൂടി ഉൾപ്പെടുത്തികൊണ്ട് അഡ്വൈസറി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. അവർ റിവ്യൂ ചെയ്യുന്നുണ്ട്. കെ.എസ്.ഐ.ഡി.സി.-യിലെ ഇൻവെസ്റ്റർ ഡയറക്ടർമാർ/ഇന്റിപെൻഡായുള്ള ഇൻഡസ്ട്രിയൽ മേഖലയിലെ ഡയറക്ടർമാരുടെ മീറ്റിംഗ് എല്ലാ ആഴ്ചയിലും ചേർന്ന് അവർ റിവ്യൂ ചെയ്യുന്നുണ്ട്. അതിന്റെ ഭാഗമായി അവിടെ വന്ന ഇ.ഒ.ഐ.-യുടെ നാലിലൊന്ന് യാഥാർത്ഥ്യത്തിലേക്ക് എത്തിക്കാൻ കഴിഞ്ഞുവെന്നുള്ളത് ഞാൻ ഈ സഭയിൽ അഭിമാനത്തോടുകൂടി പറയുകയാണ്. ഏകദേശം 35,000 കോടി രൂപയുടെ നിക്ഷേപങ്ങൾ കൺസ്ട്രക്ഷൻ സ്റ്റേജിലേക്ക് എത്തിക്കാൻ കഴിഞ്ഞു. കഴിഞ്ഞ ദിവസം അങ്കമാലിയിൽ കല്ലിട്ടത് ലോകോത്തര കമ്പനിയായ ഭാരത് ബയോടെകിന്റെ ഫുഡ് പ്രോസസിംഗ് യൂണിറ്റാണ്. അത് ഐ.കെ.ജി.എസ്.-ൽവന്ന ഇ.ഒ.ഐ.-യിലെ 98-ാമത്തെ പ്രോജക്റ്റാണ്. ഒരു കാര്യംകൂടി സൂചിപ്പിക്കുകയാണ്. അവിടെ പങ്കെടുത്ത കോവാക്സിന്റെ ഉപജ്ഞാതാവ് പത്മഭൂഷൺ ശ്രീ. കൃഷ്ണ എല്ല

കേരളത്തെക്കുറിച്ച് രണ്ട് കാര്യങ്ങൾ പറഞ്ഞു. അദ്ദേഹം കേരളത്തിൽ പ്രോജക്റ്റ് ആരംഭിക്കാൻ പോയപ്പോൾ ഹൈദരാബാദിലെ മലയാളികളിലും ഗൾഫ് മലയാളികളിലും ചിലർ ചോദിക്കുന്നത് അയ്യോ! കേരളത്തിലേക്കാണോ പോകുന്നതെന്ന്. വേറെ ആരും ചോദിക്കുന്നില്ല. കേരളത്തിലെ പ്രത്യേകത പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കൂടി കേൾക്കാനാണ് പറയുന്നത്. പത്മഭൂഷൺ ശ്രീ. കൃഷ്ണ എല്ല പറഞ്ഞ മറ്റൊരു കാര്യം കേരളത്തിലേക്ക് വരുന്ന ആളുകളെ നിരുത്സാഹപ്പെടുത്തുന്നത് മറ്റ് സംസ്ഥാനങ്ങളിലെ മലയാളികളാണ്. അദ്ദേഹം പറഞ്ഞ പോസിറ്റിവ് സൈഡ്, ഇന്ത്യയിൽ എല്ലായിടത്തും പങ്കെടുത്ത ഇൻവെസ്റ്റ് സമ്മിറ്റിൽ എല്ലാ രാഷ്ട്രീയ പാർട്ടികളിലെയും പ്രധാനപ്പെട്ട നേതാക്കന്മാർ ഒന്നിച്ച് പങ്കെടുത്ത് വികസനത്തിനുവേണ്ടി നിലകൊള്ളുന്ന ഒരു സംസ്ഥാനം കേരളം മാത്രമെയുള്ളൂവെന്നതും അഭിമാനകരമായി അദ്ദേഹം പറഞ്ഞിട്ടുണ്ട്. അത് നല്ല സൈനാണ്. എല്ലാവരും ഒറ്റകെട്ടായി മൂലധനത്തെ, വ്യവസായത്തെ, തൊഴിലവസരങ്ങളെ സൃഷ്ടിക്കാൻ നിൽക്കുന്നത് നല്ലതാണ്. പത്മഭൂഷൺ

ലഭിച്ച കൃഷ്ണ എല്ലയെപ്പോലുള്ള വ്യക്തികൾ അത്തരത്തിൽ പ്രകീർത്തിച്ച കാര്യവും സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, ഫാക്ടറിയോ യന്ത്രങ്ങളോ മനുഷ്യാധ്വാനമോ വേണ്ടാതെ പ്രതിമാസം അഞ്ചേകാൽ ലക്ഷം രൂപ ശമ്പളം കൈപ്പറ്റുന്ന പുതിയ വ്യവസായ സംരംഭങ്ങൾക്ക് ഒരു യുവജന നേതാവ് തുടക്കം കുറിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് അടുത്ത കാലത്തായി നടത്തിയ വൻകിട നിക്ഷേപങ്ങൾ ഏതൊക്കെ മേഖലകളിലാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, നമ്മൾ വ്യവസായങ്ങളെ ആകർഷിക്കുന്നത് കേരളത്തിന്റെ വ്യവസായ നയത്തിനുള്ള 22 മുൻഗണനാമേഖലകളെയാണ്. നമ്മുടെ വ്യവസായ നയത്തിന്റെ Moto എല്ലാവർക്കും അറിയാവുന്നതുപോലെ Nature, People, Industry എന്നുള്ളതാണ്. അതിനെ അടിസ്ഥാനപ്പെടുത്തി ഇപ്പോൾ വന്നിട്ടുള്ള ലോകോത്തര കമ്പനികൾ IBM ഉം Vensure ഉം യു.എസ്.എ. കമ്പനിയാണ്. Safran ഫ്രാൻസ് കമ്പനിയാണ്. Honeywell ഉം Caspian Technologies ഉം യു.എസ്.എ കമ്പനിയാണ്. Orkla നോർവേ

കമ്പനിയാണ്. Oterra ഡെൻമാർക്ക് കമ്പനിയാണ്. Air Products യു.എസ്.എ. കമ്പനിയാണ്. dSpace ജർമൻ കമ്പനിയാണ്. GR8 Affinity യു.എസ്.എ. കമ്പനിയാണ്. Adesso Group ജർമൻ കമ്പനിയാണ്. Nitta ജലാറ്റിൻ നേരത്തെയുള്ളതിന്റെ എക്സ്പാൻഷനാണ്. അത് ജപ്പാൻ കമ്പനിയാണ്. ബഹുമാന്യനായ പ്രതിപക്ഷ നേതാവും ആ ചടങ്ങിൽ പങ്കെടുത്തിരുന്നു. അതുപോലെത്തന്നെ ഐ.കെ.ജി.എസ്.-ന്റെ കല്ലിടലിലെ പ്രധാനപ്പെട്ട ചടങ്ങുകളിലും തിരക്കുകളുണ്ടെങ്കിലും അദ്ദേഹം സമയം കണ്ടെത്തി പങ്കെടുക്കാറുണ്ട്. Grant Thornton യു.എസ്.എ. കമ്പനിയാണ്. Trasna Technologies ഐർലന്റ് കമ്പനിയാണ്. Mane (Spice) ഫ്രാൻസ് കമ്പനിയാണ്. McCormick (Spice) യു.എസ്.എ. കമ്പനിയാണ്. Fujirebio (Biotechnology) ജപ്പാൻ കമ്പനിയാണ്. Dynimated ഇറ്റാലിയൻ കമ്പനിയാണ്. Navigant ഉം NOV Inc ഉം യു.എസ്.എ. കമ്പനിയാണ്. Nissan നേരത്തെയുള്ളതിന്റെ എക്സ്പാൻഷനാണ്. ജപ്പാൻ കമ്പനിയാണ്. BT Pierian യു.കെ. കമ്പനിയാണ്. Strada Global യു.എസ്.എ കമ്പനിയാണ്. TNP ഫ്രാൻസ് കമ്പനിയാണ്. Elektrobit ജർമൻ

കമ്പനിയാണ്. E&Y നേരത്തെയുള്ളതിന്റെ ഇപ്പോൾ പതിനായിരം പേരിലേക്ക് വികസിപ്പിച്ചു. അത് യു.എസ്.എ കമ്പനിയാണ്. Mediterranean Shipping Company Switzerland കമ്പനിയാണ്. ഇതൊക്കെയാണ് പ്രധാനപ്പെട്ട വിദേശ കമ്പനികൾ ഈ കാലയളവിൽ പുതുതായി പ്രവർത്തനമാരംഭിച്ചതോ നിലവിലുള്ളതിന്റെ എക്സ്പാൻഷൻ നടത്തിയിട്ടുള്ളതോ ആണ്. എന്തായാലും അഭിമാനകരമായിട്ടുള്ള മാറ്റം കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നു.

<u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: സർ, വ്യാവസായിക രംഗത്ത് വൻമുന്നേറ്റമാണ് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായത്. അതിന് നേതൃത്വം കൊടുത്ത നമ്മുടെ വ്യവസായ വകുപ്പുമന്ത്രിക്ക് എ-പ്ലസ് ആണുള്ളത്. കേരളത്തിൽ നല്ല വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുകയും വൻതോതിൽ വ്യവസായ നിക്ഷേപം വരികയും ലക്ഷക്കണക്കിന് തൊഴിലവസരങ്ങളുണ്ടാകുകയും ചെയ്തതിനാൽ ഇന്ത്യയിലെ ഏറ്റവും നല്ല വ്യവസായ സംസ്ഥാനമായി കേരളം മാറുകയും ചെയ്തു. തുടർന്നുള്ള വ്യവസായത്തിനായുള്ള കേരളത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട

കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, അക്കാര്യം ഒരു ഉത്തരത്തിന്റെ ഭാഗമായി നേരത്തെ സൂചിപ്പിച്ചു. വകുപ്പ് സ്ഥലമേറ്റെടുക്കൽ പദ്ധതി പൂർത്തീകരിച്ച് എസ്.പി.വി.-ക്ക് കൈമാറുകയും അവർ 50 ശതമാനം വകുപ്പ് 50 ശതമാനം എന്ന നിലയിൽ കമ്പനി ഫോർമാറ്റ് ചെയ്തിട്ടുണ്ട്. അതിന്റെ ടെൻഡർ നടപടി അവസാന ഘട്ടത്തിലാണ്. ഈ ഒക്ടോബറോടുകൂടി ടെൻഡർ അവാർഡ് ചെയ്യും. പ്രഖ്യാപിച്ച 12 ഇൻഡസ്ട്രിയൽ കോറിഡോറിൽ ആദ്യം ടെൻഡർ അവാർഡ് ചെയ്യുന്നത് പാലക്കാട് ഇൻഡസ്ട്രിയൽ സ്മാർട്ട് സിറ്റിയായിരിക്കും. കഴിഞ്ഞ ദിവസം ബഹുമാന്യനായ മുഖ്യമന്ത്രി തന്നെ പദ്ധതി പ്രദേശത്ത് വരികയും അവിടെയുള്ള ഇൻവെസ്റ്റേഴ്സുമായി ചർച്ച നടത്തുകയും ചെയ്തിരുന്നു. അതിനായി പ്രത്യേകം ടീം പ്രവർത്തിക്കുന്നുണ്ട്. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ട്. പദ്ധതി

അതിവേഗത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. ലിന്റോ ജോസഫ്: സർ, സംസ്ഥാനത്തിന്റെ അഭിമാനമായ കെൽട്രോൺ ഇന്ന് വലിയ രൂപത്തിലുള്ള നേട്ടങ്ങൾ കൈവരിച്ചുവരികയാണ്. കെൽട്രോൺ ഏറ്റെടുത്ത് നടപ്പാക്കുന്ന നിലവിലെ പ്രധാന പദ്ധതികളെ സംബന്ധിച്ച് വിശദമാക്കാമോ; അതോടൊപ്പം തൃശ്ശൂരിലെ കെൽട്രോണിന്റെ ഉടമസ്ഥതയിലുള്ള ഭൂമി വ്യവസായ ഗവേഷണ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുള്ളതിന്റെ വിശദാംശങ്ങൾ വിവരിക്കാമോ?

ശ്രീ. പി. രാജീവ്: സർ, കെൽട്രോൺ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെല്ലാം ഞാൻ വിശദീകരിക്കുന്നില്ല. പക്ഷേ ഇവിടെ അദ്ദേഹം ചോദിച്ച ചോദ്യത്തിന്റെ അവസാന ഭാഗം, തൃശ്ശൂരിലെ കെൽട്രോണിന്റെ ഭൂമി 25 വർഷത്തിലധികമായി കേസിൽ കിടക്കുകയായിരുന്നതിനാൽ അതിന്റെ തുടർച്ചയായി ഇലക്ട്രോണിക് സെക്രട്ടറിയുമായി ചർച്ച നടത്തുകയുണ്ടായി. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ ബഹുമാന്യനായ അംഗം ശ്രീ. സേവ്യർ

ചിറ്റിലപ്പിള്ളിയും മുൻമന്ത്രി ശ്രീ. എ. സി. മൊയ്തീനും കുറേ ശ്രമങ്ങൾ നടത്തിയതാണ്. അവിടെയിപ്പോൾ 12 ഏക്കർ വസ്തുവിൽനിന്ന് അതിന് നേരത്തെ കൊടുക്കാനുള്ള ബാധ്യതക്കെതിരായി 5 ഏക്കർ സി-മെറ്റിന് തന്നെ അവരുടെ പദ്ധതി വികസിപ്പിക്കാൻ കൊടുക്കാൻ തീരുമാനിച്ചു. ബാക്കിയുള്ള 7.19 ഏക്കറിൽ കെൽട്രോണും സി-മെറ്റും ചേർന്ന് ഒരു സംയുക്ത സംരംഭം ആരംഭിക്കുന്നതിനുള്ള പ്രവർത്തനത്തിന് കാബിനറ്റ് അംഗീകാരം നൽകിക്കഴിഞ്ഞിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ മറ്റ് പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയാണ്. ലോകത്തിലെ പ്രധാനപ്പെട്ട കമ്പനികളുമായി ചേർന്ന് വിവിധ രാജ്യങ്ങളിലേക്ക് കെൽട്രോണിന്റെ പ്രവർത്തനം വിപുലപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. നോർവെ, വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളുമായി പ്രവർത്തനം മെച്ചപ്പെടുത്തുന്നുണ്ട്. ഡിഫൻസിന്റെ ഏത് പ്രതിരോധ കപ്പലിറങ്ങിയാലും ഏറ്റവും ചുരുങ്ങിയത് മൂന്ന് കമ്പോണന്റ് എങ്കിലും നിർമ്മിക്കുന്നത് കെൽട്രോൺ ആണെന്നത് ഓരോ മലയാളിക്കും അഭിമാനിക്കാൻ

കഴിയാവുന്നതാണ്. നാം കണ്ട സ്വപ്നത്തിലേക്ക് കെൽട്രോണിനെ കൊണ്ടുപോകാനാണ് ഈ സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കേരളത്തിലെ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും വളരെ ലാഭത്തിലാണെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ അറിയിച്ചു. കാസർഗോഡ് ജില്ലയിലെ ഏക പൊതുമേഖലാ സ്ഥാപനമായ KEL-ന്റെ നിലവിലെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാന്യനായ അംഗം അതിൽ തുടർച്ചയായി ഇടപെടുന്നതിനാൽ അദ്ദേഹത്തിനും ഇക്കാര്യം അറിയാം. ഈ സർക്കാർ വരുമ്പോൾ അത് അടഞ്ഞ് കിടന്നിരുന്ന സ്ഥാപനമായിരുന്നു. നമ്മൾ അത് ഭെൽ ഇഎംഎൽ-ന് കൊടുത്തു. ഭെൽ ഇഎംഎൽ അത് ക്ലോസ് ചെയ്തു. ഇപ്പോൾ കേരള ഗവൺമെന്റ് പ്രസ്തുത കമ്പനി തിരിച്ചുപിടിച്ചു. അത് നല്ല രീതിയിൽ പോകുകയാണ്. ഇപ്പോൾ നല്ല ഓർഡറുകൾ വരുന്നതിനെ ബഹുമാനപ്പെട്ട അംഗം മോണിറ്റർ ചെയ്യുന്നുണ്ട്. കേരളത്തിന് അഭിമാനകരമായി പോകാവുന്ന രൂപത്തിലുള്ള സഹായം നൽകുന്നുണ്ട്. ഈ

ദിവസം ട്രേഡ് യൂണിയനുകളുമായി പ്രത്യേകം ഒരു ചർച്ചയും അതിന്റെ തുടർച്ചയും നടത്തുന്നുണ്ട്.

ഡോ. സുജിത് വിജയൻപിള്ള: സർ, ധാതു-മണൽ ഖനനവുമായി ബന്ധപ്പെട്ട കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡിൽ നാളിതുവരെ സ്ഥലം വാങ്ങിയശേഷം മൈനിങ് നടത്തി തിരിച്ചുകൊടുക്കുന്ന സംവിധാനമായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ സ്ഥലം നേരിട്ട് വസ്തു ഉടമകളിൽനിന്ന് ലീസിന് എടുത്ത് മൈനിങ് ചെയ്യുന്ന ഒരു പ്രക്രിയയിലേക്ക് കടക്കുന്നതിനാൽ റവന്യൂ വകുപ്പിന് വില നിശ്ചയിക്കുക എന്ന ഒരു നിലപാടാണ് എടുക്കേണ്ടത്. പക്ഷേ അത് ചുവപ്പുനാടയിൽ കുടുങ്ങുന്നുവെന്ന ആക്ഷേപമുള്ളതിനാൽ ഇത് സമയബന്ധിതമായി നടപ്പാക്കാൻ അങ്ങയുടെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകുമോ?

ശ്രീ. പി. രാജീവ്: നേരത്തെ വിലയ്ക്ക് വാങ്ങിയശേഷം മൈനിങ് കഴിഞ്ഞാൽ പിന്നീട് ആ സ്ഥലം ഉപയോഗിക്കാതെ പോകുന്നു. അങ്ങനെയുള്ള സ്ഥലം ഉപയോഗിക്കാൻ പ്രത്യേക പദ്ധതി അവിടെ നടപ്പാക്കാൻ ശ്രമിക്കുന്നുണ്ട്. അതോടൊപ്പം ലീസിന് വാങ്ങുന്നു.

ലീസിനെടുത്ത് മൈനിങ് കഴിഞ്ഞ് ലെവൽ ചെയ്ത് തിരിച്ച് ഭൂവുടമയ്ക്കുതന്നെ നൽകുന്നു. ലീസ് ഏകദേശം ഭൂവിലയുടെ 75% ആണ് റവന്യൂ വകുപ്പിൽനിന്നും അംഗീകരിച്ച് വന്നിട്ടുള്ളത്. അതനുസരിച്ച് ലീസിനെടുത്ത് നമ്മൾ മണലെടുത്ത് മിനറൽസ് തിരിച്ചുകഴിഞ്ഞാൽ ബാക്കിയുള്ള മണൽ അവിടെത്തന്നെ നിക്ഷേപിച്ച് ലെവൽ ചെയ്ത് കൊടുക്കുന്ന പദ്ധതിയാണ്. അത് പുതിയ രീതിയാണെങ്കിലും എല്ലാവരും അംഗീകരിച്ചിട്ടുണ്ട്. പുതിയ പദ്ധതിയായതിനാൽ തുടക്കത്തിൽ കുറച്ച് കാലതാമസമുണ്ടായിട്ടുണ്ടെങ്കിലും സമയബന്ധിതമായി നടപ്പാക്കാൻ ശ്രമിക്കും.

<u>ശ്രീ. കെ. പി. എ. മജീദ്:</u> വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നത് സംബന്ധിച്ച് കഴിഞ്ഞ ദിവസം മലപ്പുറത്ത് പരിപാടി സംഘടിപ്പിച്ചിരുന്നു. അതിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. ലാൻഡിന്റെ അഭാവമാണ് അവിടത്തെ പ്രശ്നം. പൊതുമേഖലാ സ്ഥാപനങ്ങളായ സ്പിന്നിങ് മിൽ എളരിക്കോട്, KEL, INKEL മലപ്പുറം അവിടത്തെ സ്ഥാപനം പൂട്ടിക്കിടക്കുകയാണ്. നേരത്തെ സ്ഥലം കൊടുത്തവർ തന്നെ തുടങ്ങാൻ പോകുകയാണ്. ഇത്തരം സ്ഥലങ്ങൾ കണ്ടെത്തി വ്യവസായ സംരംഭത്തിനാവശ്യമായ സൗകര്യം

ചെയ്തുകൊടുക്കുകയാണെങ്കിൽ മെച്ചപ്പെടുമെന്നതിനാൽ അങ്ങ് അതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: കഴിഞ്ഞദിവസം അവിടെ നടന്ന ഇൻവെസ്റ്റ് സമ്മിറ്റുണ്ടായിരുന്നു. ബഹുമാനപ്പെട്ട എല്ലാ എം.എൽ.എ.മാരും അതിൽ പങ്കെടുത്തതിന് പ്രത്യേകം നന്ദി അറിയിക്കുന്നു. INKEL-ന്റെ കാര്യം ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ തന്നെ ഞാൻ പ്രത്യേകം പരിശോധിച്ചിരുന്നു. INKEL-ന് 17 ഏക്കർ സ്ഥലം അനുവദിച്ചു കഴിഞ്ഞു. അവിടെ കല്ലിടാനായി പുതിയ കമ്പനി, തീയതി ചോദിച്ച് വരികയുണ്ടായി. ബാക്കി കുത്തനെ കിടക്കുന്ന സ്ഥലം സോളാർ പദ്ധതിക്കും അംഗീകാരം നൽകിയിട്ടുണ്ട്. ടെക്സ്റ്റൈൽ മേഖലയിൽ എല്ലാ ട്രേഡ് യൂണിയനുകളുമായി സംസാരിച്ചിരുന്നു. ടെക്സ്റ്റൈൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം 30 വർഷത്തേയ്ക്ക് ലീസിന് നൽകാനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. അതിനനുസരിച്ച് ഈ സ്ഥലം കൂടി ഉപയോഗിക്കാൻ സാധിക്കും. മലപ്പുറത്ത് ഇതിന് നല്ല സാധ്യതയുള്ളതിനാൽ അതനുസരിച്ച് വ്യവസായം കൊണ്ടുവരാൻ എല്ലാവരുടെയും പിന്തുണ ശക്തമായുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

Uncorrected/Not for publication
17-09-2025

## കയർ മേഖലയുടെ വിപണി വിപുലീകരണം

5 (*35) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ മേഖലയിൽ ഉൽപന്ന വൈവിധ്യവൽക്കരണത്തിനും ആഭ്യന്തര-വിദേശ വിപണി വിപുലീകരണത്തിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ കയർ രംഗത്ത് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തിയിട്ടുള്ള ഇടപെടലുകൾ വിശദമാക്കാമോ;

(സി) രണ്ടാം കയർ വ്യവസായ പുനഃസംഘടനയുടെ ഭാഗമായി ചെറുകിട ഉൽപാദക സൊസൈറ്റികൾക്ക് നൽകിയിട്ടുള്ള മെഷീനറികൾ, കയർപിരി യന്ത്രങ്ങൾ ഉൾപ്പെടെയുള്ളവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർധിപ്പിക്കുന്നതിനും അതുവഴി കയർ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ

ദിനങ്ങൾ ലഭ്യമാക്കുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(ഇ) ചകിരി, കയർ എന്നിവയുടെ ഉൽപാദനം വർധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(എഫ്) അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനും ഉൽപാദന വർധനവിനുമായി കയർ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് പ്രവർത്തന മൂലധനം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ,

(എ) പരമ്പരാഗത കയർ തൊഴിലാളികൾക്ക് വിപണന സാധ്യതയുള്ള കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിന് സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇന്ത്യയിലെ തന്നെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളുടെയും ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടുകളുടെയും സാങ്കേതിക സഹകരണത്തിലൂടെയാണ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്.

Uncorrected/Not for publication
17-09-2025

ഈ വിഷയത്തിൽ കയർ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിന് മുന്നോടിയായി കയർ മേഖലയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, കയർ എക്സ്പോർട്ടർമാർ, കയർ തൊഴിലാളികൾ, NID (National Institute of Design), NIFT (National Institute of Fashion Technology), കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്നിവയുടെ പ്രതിനിധികൾ ഒത്തുചേർന്ന് പരിശീലന പരിപാടിയുടെ കരിക്കുലം തയ്യാറാക്കി. ഇതിന്റെ ഭാഗമായി പുതിയ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനായി NID ഭോപ്പാലുമായി ചേർന്ന് ഒരു Product Research and Design Centre കയർ കോർപ്പറേഷനിൽ ആരംഭിച്ചു. ഇപ്പോൾ ആലപ്പുഴയിൽ ആദ്യഘട്ടമായി 350 പേർക്ക് ദിവസം 600 രൂപ സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകിക്കഴിഞ്ഞു. ഇന്ത്യയിൽ ആദ്യമായാണ് കയർമേഖലയിൽ ഡിസൈൻ വൈവിധ്യവത്ക്കരണം നടത്തുന്നതിന് ഈ രീതിയിലുള്ള പരിശീലന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നത്.

NCRMI (National Coir Research Management Institute) നൂതനമായ ഗവേഷണ ഉൽപന്നങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. ഇ-കയർ

ബാഗുകൾ, പീറ്റ് കോൾ ഡോട്സ്, ടെൻഡർ കോക്കനട്ട് ക്രഷർ എന്നീ നൂതന ഉൽപന്നങ്ങൾ വികസിപ്പിച്ചു. പ്രസ്തുത ഗവേഷണ ഉൽപന്നങ്ങളുടെ ഉൽപാദന വിപണനത്തിനുള്ള സാങ്കേതിക വിദ്യ വ്യാവസായിക അടിസ്ഥാനത്തിൽ കൈമാറുകയും ചെയ്തു. കയർ രംഗത്തെ സ്ഥാപനങ്ങൾക്കൊപ്പം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംഘങ്ങളും ഈ സാങ്കേതിക വിദ്യയുടെ ഗുണഭോക്താക്കളായി മാറിയിട്ടുണ്ട്. ഇതോടൊപ്പം കയർ ഡിവൈഡർ, എയർ ഫ്രഷ്നെർ, കോകോ നർച്ചർ, റണ്ണേജ് മീറ്റർ എന്നിവ വികസിപ്പിക്കുകയുണ്ടായി. പ്രശസ്ത കോർപ്പറേറ്റ് സ്ഥാപനമായ ഏണസ്റ്റ് & യങുമായി സഹകരിച്ച് NCRMI-യുടെ ഗവേഷണ ഉൽപന്നമായ കയർ ഗ്രോ ബാഗ് നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യ ഏണസ്റ്റ് & യങ് കമ്പനിയിലെ 2000 ഉദ്യോഗസ്ഥർക്ക് നൽകുകയുണ്ടായി. അതോടൊപ്പം അവർ നിർമ്മിക്കുന്ന ഉൽപന്നങ്ങൾ CSR ഫണ്ട് വഴി മാർക്കറ്റ് ചെയ്യുന്നതിനുള്ള പ്രോജക്റ്റ് NCRMI ആരംഭിച്ചു കഴിഞ്ഞു. കയർ തൊഴിലാളികൾക്കുവേണ്ടി NCRMI ഇലക്ട്രോണിക് റാട്ടുകളിലും

ഓട്ടോമാറ്റിക് സ്പിന്നിങ് മെഷീനുകളിലും ഫ്രെയിം മാറ്റുകളിലും പരിശീലനം നൽകിവരുന്നു.

ഡിസൈൻ പരിശീലനം ലഭിച്ച കയർ തൊഴിലാളികളുടെ സംരംഭക സാധ്യത പ്രോത്സാഹിപ്പിക്കുന്നതിന് സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് കയർ കോർപ്പറേഷൻ വഴി ധനസഹായം നൽകുന്ന പദ്ധതി ആവിഷ്കരിക്കുന്നത് പരിഗണനയിലാണ്.

ആഭ്യന്തര - വിദേശ വിപണി വിപുലീകരണത്തിനായി ആമസോൺ, പെപ്പർ ഫ്രൈ, ഇന്ത്യ മാർട്ട് എന്നീ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി കയർ ഉൽപന്നങ്ങളുടെ വില്പന നടത്തിവരുന്നു. കേരള സർക്കാരിന്റെ K-Shoppe (E-commerce platform)വഴിയും കയർ ഉൽപന്നങ്ങളുടെ വില്പന നടത്തിവരുന്നു. കൂടാതെ തിരുവനന്തപുരം ലുലു മാളിൽ കയർ കോർപ്പറേഷന്റെ പുതിയ വില്പന ശാല പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കയർ ഉൽപന്നങ്ങളുടെ വിപണനത്തിന് ബഹുരാഷ്ട്ര ഓൺലൈൻ വ്യാപാര കമ്പനിയായ വാൾമാർട്ടുമായി ധാരണയിൽ എത്തിയിട്ടുണ്ട്.

രാജ്യത്ത് ആദ്യമായാണ് ഒരു പൊതുമേഖലാ സ്ഥാപനം വാൾമാർട്ടുമായി ധാരണയിൽ എത്തുന്നത്.

ചെന്നൈ ക്രിക്കറ്റ് അസോസിയേഷൻ, അമൃതസറിലെ സുവർണ ക്ഷേത്രം എന്നിവിടങ്ങളിലേക്ക് കയർ ഉൽപന്നങ്ങളുടെ ഓർഡർ ലഭിക്കുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) കയർ ഉൽപന്ന മേഖലകളിലെ വൈവിധ്യവത്ക്കരണത്തിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പ്രത്യേകം പദ്ധതിയുടെ ഭാഗമായി പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന 500 ക്രാഫ്റ്റ്സ്മാൻമാർക്കായി കയർ കോർപ്പറേഷനിൽ നടത്തിയ ട്രെയിനിങ് പ്രോഗ്രാമിൽ 350 പേർ പരിശീലനം പൂർത്തീകരിച്ചിട്ടുണ്ട്. പരിശീലനം പൂർത്തീയാക്കിയവരുടെ തൊഴിലുറപ്പ് വരുത്തുന്നതിനായി ഒരു കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ ആരംഭിക്കുന്നതിന് 99.15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം പരിശീലനവും മാനേജ്മെന്റിനുമായി 62.65 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്.

NCRMI, ഇ-കയർ ബാഗുകൾ, പീറ്റ് കോൾ ഡോട്സ്, ടെൻഡർ കോക്കനട്ട് ക്രഷർ എന്നീ നൂതന ഉൽപന്നങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഗവേഷണ ഉൽപന്നങ്ങളുടെ ഉൽപാദന വിപണനത്തിനുള്ള സാങ്കേതികവിദ്യ വ്യാവസായിക അടിസ്ഥാനത്തിൽ കൈമാറുകയും ചെയ്തിട്ടുണ്ട്. കയർ രംഗത്തെ സ്ഥാപനങ്ങൾക്കൊപ്പം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംഘങ്ങളും ഈ സാങ്കേതിക വിദ്യയുടെ ഗുണഭോക്താക്കളായി മാറിയിട്ടുണ്ട്. ഇതോടൊപ്പം കയർ ഡിവൈഡർ, എയർ ഫ്രഷ്നെർ, കോകോ നർച്ചർ, റണ്ണേജ് മീറ്റർ എന്നിവ വികസിപ്പിക്കുകയുണ്ടായി. പ്രശസ്ത കോർപ്പറേറ്റ് സ്ഥാപനമായ ഏണസ്റ്റ് & യങ്ങുമായി സഹകരിച്ച് NCRMI-യുടെ ഗവേഷണ ഉൽപന്നമായ കയർ ഗ്രോ ബാഗ് നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യ ഏണസ്റ്റ് & യങ് കമ്പനിയിലെ 2000 ഉദ്യോഗസ്ഥർക്ക് നൽകുകയുണ്ടായി. അതോടൊപ്പം അവർ നിർമ്മിക്കുന്ന ഉൽപന്നങ്ങൾ CSR ഫണ്ട് വഴി മാർക്കറ്റ് ചെയ്യുന്നതിനുള്ള പ്രോജക്ട് NCRMI ആരംഭിച്ചു കഴിഞ്ഞു. കയർ തൊഴിലാളികൾക്കുവേണ്ടി NCRMI ഇലക്ട്രോണിക് റാട്ടുകളിലും

ഓട്ടോമാറ്റിക് സ്പിന്നിങ് മെഷീനുകളിലും ഫ്രെയിം മാറ്റുകളിലും പരിശീലനം നൽകിവരുന്നു.

കയർ മെഷിനറി മാനുഫാക്ചറിങ് കമ്പനി 23 ലക്ഷം രൂപയുടെ ഡീഫൈബറിങ് യൂണിറ്റ് വെനിസ്വലയിലേക്ക് കയറ്റുമതി ചെയ്തിട്ടുണ്ട്.

(സി) രണ്ടാം കയർ വ്യവസായ പുനഃസംഘടനയുടെ ഭാഗമായി ചെറുകിട ഉൽപാദക സൊസൈറ്റികൾക്ക് നൽകിയിട്ടുള്ള ഓട്ടോമാറ്റിക് സ്പിന്നിങ് മെഷീനുകളുടെയും ഡീഫൈബറിങ് മെഷീനുകളുടെയും അറ്റകുറ്റപ്പണികളും സാങ്കേതികമായ പരിഷ്കരണങ്ങളും യഥാസമയം ഏറ്റെടുത്ത് നടത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ചറിങ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ചകിരിയുടെ ഉൽപാദനം വർധിപ്പിക്കുന്നതിനായി കയർ മെഷിനറി മാനുഫാക്ചറിങ് കമ്പനി മുഖേന നിലവിലുള്ള DF യൂണിറ്റുകളിൽ 500 എണ്ണം Maintenance ചെയ്തു. 250 എണ്ണം ഈ വർഷം Maintenance ചെയ്തു ഉൽപാദനം വർധിപ്പിച്ചിട്ടുണ്ട്.

11-06-2025-ലെ സ.ഉ.(സാധാ) 699/2025/വ്യവ നമ്പർ ഉത്തരവ് പ്രകാരം ഒറ്റത്തവണ ധനസഹായമായി ചെറുകിട ഉൽപാദകരുടെ നെയ്ത്തു തറികളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി ചെലവിന്റെ 50% പരമാവധി 15,000/- രൂപ നൽകി അവരുടെ പ്രവർത്തന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായി നടപ്പു സാമ്പത്തിക വർഷം 900 തറികൾക്ക് 15,000/- രൂപ നിരക്കിൽ 1.35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ആദ്യ ഗഡുവായി 30 തറികൾക്ക് 15,000/- രൂപ നിരക്കിൽ 4.5 ലക്ഷം രൂപ വിതരണം ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ഡി) കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വർധിപ്പിക്കുന്നതിനും അതുവഴി കയർ മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. വകുപ്പിലെ ജീവനക്കാർ നേരിട്ട് പഞ്ചായത്തുകൾ സന്ദർശിച്ച് ഓർഡറുകൾ ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ ജില്ലാ തലങ്ങളിൽ പഞ്ചായത്ത് സെക്രട്ടറിമാർ,

പ്രസിഡന്റുമാർ, MGNREGS പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി സെമിനാറുകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഒഡിഷയിലെ അയൺ ഓർ മൈനിങ് സ്ഥാപനവുമായി 50 ലക്ഷം രൂപയുടെ കയർ ഭൂവസ്ത്രം വിതാനത്തിലൂടെയുള്ള മണ്ണ് സംരക്ഷണം നടപ്പാക്കുന്നതിന്റെ പൈലറ്റ് പ്രോജക്ട് പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഒഡിഷ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒഡിഷ മൈനിങ് കോർപ്പറേഷന്റെ ഏകദേശം 6 ഹെക്ടർ വിസ്തീർണ്ണമുള്ള മൈനുകളിൽ കയർ ഭൂവസ്ത്രം വിതാനം ചെയ്യുന്നതിനുള്ള ഒരു പൈലറ്റ് പ്രോജക്ടും കയർ കോർപ്പറേഷൻ വഴി നടപ്പാക്കി.

ഈ സർക്കാർ (2021-26) അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 245 ലക്ഷം സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രവും വിതരണം ചെയ്തിട്ടുണ്ട്.

(ഇ) ചകിരിയുടെ ഉൽപാദനം വർധിപ്പിക്കുന്നതിനായി കയർ മെഷിനറി മാനുഫാക്ചറിങ് കമ്പനി മുഖേന നിലവിലുള്ള ASM യൂണിറ്റുകളിൽ 500 എണ്ണം Maintenance ചെയ്തു. 250 എണ്ണം ഈ വർഷം Maintenance ചെയ്തു

ഉൽപാദനം വർധിപ്പിച്ചിട്ടുണ്ട്. അതുവഴി കയറിന്റെ ഗുണമേന്മയും ഉൽപാദനവും കൂടിയിട്ടുണ്ട്. 30-50 Kg x (140 റണ്ണേജ്) കയർ ഉൽപാദനം മാത്രം ഉണ്ടായിരുന്നത് നിലവിൽ 50-65 Kg x (160 റണ്ണേജ്) x കയർ ഉൽപാദനമായി വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

2011-16 വരെയുള്ള കാലഘട്ടത്തിൽ 36771 ടൺ കയറാണ് ഉൽപാദിപ്പിച്ചിട്ടുള്ളത്. എന്നാൽ 2016-21-ൽ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി കയർ ഉൽപാദനം 77218 ടണ്ണായി വർധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന് 31-07-2025 വരെ 58403.13 ടൺ കയർ ഉൽപാദിപ്പിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 31-07-2025 വരെ 3580.13 ടൺ കയർ നിലവിൽ ഉൽപാദിപ്പിച്ചിട്ടുണ്ട്.

ചെറുകിട കയർ ഉൽപാദകരുടെ നെയ്ത്ത് തറികളുടെ അറ്റകുറ്റപ്പണിക്കായി ഒറ്റത്തവണ ധനസഹായം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതുവഴി കയറുൽപ്പന്നങ്ങളുടെ ഉൽപാദനം വർധിക്കുകയും ആയതു പരോക്ഷമായി കയറുൽപ്പാദനം വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കയർപിരി സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന ഒരു കിലോ കയറിന് 3.5 മുതൽ 6.5 രൂപ വരെ വർധനവുണ്ടായ സാഹചര്യത്തിൽ പരമ്പരാഗത ഇ-റാട്ടിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ദിവസക്കൂലി 350/-രൂപയിൽ നിന്ന് 400/- രൂപയാക്കി വർധിപ്പിച്ചിട്ടുണ്ട്. ഇത് കയറുൽപ്പാദനം വർധിപ്പിക്കുന്നതിന് പ്രോത്സാഹനമായിട്ടുണ്ട്.

കയർ ഫൈബർ ബാങ്ക് പദ്ധതി ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള പദ്ധതിയാണ്. കയർ ഫൈബർ ബാങ്ക് പദ്ധതിക്കായി 5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പദ്ധതി ആരംഭത്തിനായി 1.25 കോടി രൂപയുടെ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

കയർ റിവോൾവിങ് ഫണ്ട് പദ്ധതി കയർ സംഘങ്ങൾക്ക് സമയബന്ധിതമായി ഉൽപന്നങ്ങളുടെ വില ഉറപ്പാക്കുന്നു. അതുവഴി ഉൽപാദനം വർധിപ്പിക്കാനും കഴിയുന്നു.

(എഫ്) 2023-24 സാമ്പത്തിക വർഷം 500 സഹകരണ സംഘങ്ങൾക്ക് 5.57 കോടി രൂപയും 2024-25 സാമ്പത്തിക വർഷം സംഘങ്ങൾക്ക് 4.22 കോടി രൂപയും പ്രവർത്തന മൂലധനമായി

അനുവദിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം നാളിതുവരെ 425 സംഘങ്ങൾക്കായി 4.34 കോടി രൂപ (ഫോക്കസ് 50 പദ്ധതി ഉൾപ്പെടെ) വിതരണം ചെയ്തിട്ടുണ്ട്. പ്രവർത്തിക്കാത്ത സംഘങ്ങൾക്കും പ്രവർത്തനത്തിനാവശ്യമായ മൂലധനം നൽകി പ്രവർത്തനസജ്ജമാക്കുന്നതിനും കൂടിയുള്ളതാണ് ഈ പദ്ധതി.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കയർ വ്യവസായത്തിന്റെ നവീകരണപ്രവർത്തനങ്ങൾ നടക്കുന്ന കാലമായതിനാൽ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിക്കുന്നു. പുതിയ ഡിസൈനുകളിൽ ട്രെയിനിങ് കിട്ടിയിട്ടുള്ള തൊഴിലാളികൾക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളായിട്ടുണ്ടോ; ഏതെങ്കിലും ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. പി. രാജീവ്: സർ, കയർ മേഖല പരമ്പരാഗത വ്യവസായ പ്രതിസന്ധി പരിശോധിച്ചുകൊണ്ട് കമ്മിറ്റിയുടെ ശിപാർശ പ്രകാരം ആധുനിക ഡിസൈനുകൾ, നാഷണൽ ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് മൊഡ്യൂൾ തയ്യാറാക്കി

പരിശീലനം അഞ്ഞൂറിലധികം ആളുകൾക്ക് പൂർത്തീകരിക്കുകയും അതിന് പ്രത്യേകം സൊസൈറ്റി രൂപീകരിക്കുകയും ചെയ്തു. ആ സൊസൈറ്റിക്ക് എല്ലാവിധ പിന്തുണയും നൽകുന്നുണ്ട്. നല്ല രീതിയിൽ കയർ മേഖലയെ രക്ഷപ്പെടുത്താൻ അത് സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, കയർ ഭൂവസ്ത്രം വിപുലപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പി. രാജീവ്: സർ, കയർ ഭൂവസ്ത്രത്തിന്റെ വിപണനത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്താണ് ഒരു പുതിയ മേഖല എന്ന നിലയിൽ അങ്ങോട്ടുള്ള പ്രവേശനം നടത്തിയത്. അതിന്റെ ഭാഗമായി കയർ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. ജിയോ ടെക്സ്റ്റൈൽസിന്റെ കാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റ് 98.29 കോടി രൂപയുടെ ഭൂവസ്ത്രം വിറ്റു. ഈ ഗവൺമെന്റ് വന്നതിനുശേഷം ഇതുവരെ 150 കോടി രൂപയുടെ ഭൂവസ്ത്രങ്ങൾ വിൽക്കാനായി കഴിഞ്ഞിട്ടുണ്ട്. കൂടുതൽ

ഉൽപ്പന്നങ്ങൾ വിൽക്കുന്നതിനായുള്ള ശ്രമങ്ങൾ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നു.

ശ്രീമതി ഒ. എസ്. അംബിക: സർ, പരമ്പരാഗത മേഖലയെ സംരക്ഷിക്കുന്ന ശക്തമായ നിലപാടുകൾ എടുത്തുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. അതിന് സർക്കാരിനെയും വകുപ്പിനെയും അഭിനന്ദിക്കുന്നു. പ്രതിസന്ധി നേരിടുന്ന കശുവണ്ടി മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ശ്രീ. പി. രാജീവ്: സർ, കശുവണ്ടി മേഖല ഇപ്പോൾ നല്ല മാറ്റത്തിലാണ് പ്രവർത്തിക്കുന്നത്. കയർ കോർപ്പറേഷന്റെയും കാപെക്സിന്റെയും എല്ലാ  കമ്പനികളും പ്രവർത്തിക്കുന്നുണ്ട്. ഈ സാമ്പത്തിക വർഷവും അടുത്ത സാമ്പത്തിക വർഷത്തിലെ ആദ്യത്തെ രണ്ട് മാസവും പ്രവർത്തിക്കുന്നതിനാവശ്യമായ കശുവണ്ടിയുടെ സംഭരണം ഇപ്പോൾ തന്നെ കഴിഞ്ഞിട്ടുണ്ട്.  അതുപോലെ പ്രൈവറ്റ് മേഖലയിലും പുതിയ സ്കീമനുസരിച്ച് നിരവധി സ്ഥാപനങ്ങൾ OTS എടുത്ത് ബാങ്കിൽ നിന്നുള്ള വായ്പയെല്ലാം ഒഴിവാക്കി ഒരു പുതിയ മേഖലയിലേക്ക് വന്നു. നിലവിൽ

സ്വകാര്യമേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കശുവണ്ടി സ്ഥാപനങ്ങൾക്ക് 40 ലക്ഷം രൂപവരെ ക്യാപ്പിറ്റൽ ഇൻസെന്റീവും പത്ത് ലക്ഷം രൂപയുടെ വർക്കിങ്ങ് ക്യാപ്പിറ്റലിന്റെ ഇന്ററസ്റ്റ് സബ്‌വെൻഷനും നൽകുന്നുണ്ട്. അഞ്ച് കോടി രൂപ മോഡണൈസേഷന് വേണ്ടിയും അഞ്ച് കോടി രൂപ സ്ത്രീകളുടെ തൊഴിലിടങ്ങൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയും നൽകിക്കൊണ്ടിരിക്കുന്നുണ്ട്. ആധുനിക രീതിയിലുള്ള കശുവണ്ടി വാല്യൂ അഡീഷൻ കമ്പനികൾ ഇപ്പോൾ കൊല്ലത്ത് പുതുതായി പ്രവർത്തനം ആരംഭിക്കുന്നുവെന്നുള്ള സന്തോഷ വാർത്തകൂടി ഞാൻ പങ്കുവയ്ക്കുന്നു.

<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: സർ, കയറിന് വിദേശ വിപണി കണ്ടെത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

<u>ശ്രീ. പി. രാജീവ്:</u> സർ, വാൾമാർട്ടുമായി കരാർ ഒപ്പുവച്ചു. വാൾമാർട്ടിലേയ്ക്ക് ഇപ്പോൾ സ്ഥിരം ഉൽപന്നങ്ങൾ നൽകുന്നുണ്ട്. ഇതുകൂടാതെ തിരുവനന്തപുരത്തെ ലുലു മാളിൽ കയർ കോർപ്പറേഷന്റെ ചെറിയൊരു സ്റ്റാൾ ആരംഭിക്കുകയുണ്ടായി. വലിയ തോതിലുള്ള വില്പനയാണ് ഇവിടെ നടക്കുന്നത്. ഏകദേശം അറുപത് ലക്ഷം രൂപയുടെ

വില്പന ചുരുങ്ങിയ സമയത്തിനുള്ളിൽ നടത്താൻ സാധിച്ചിട്ടുണ്ട്. വിദേശവിപണിയിൽ ഇപ്പോഴുള്ള താരിഫ് സംവിധാനങ്ങൾ കുറച്ച് പരിമിതി സൃഷ്ടിക്കുന്നുണ്ടെങ്കിലും അത് മറികടക്കാനാവശ്യമായ ശ്രമങ്ങൾ സർക്കാർ നടത്തുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)